08
വ്യാഴം
ഡിസംബർ 2022
1198 വൃശ്ചികം 21

ലോകത്തിന്റെ കണ്ണുകൾ പന്തിന് പിറകെ....

# കേരള പ്രണാമം

സത്യം വദഃ ധർമ്മം ചരഃ

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 08
www.keralapranamam.com
infokeralapranamam@gmail.com




# ഡൽഹി കോർപ്പറേഷൻ കൈവിട്ട് ബി.ജെ.പി ആം ആദ്മി പാർട്ടിയുടെ കുതിപ്പ്

**ന്യൂഡൽഹി:** ഡൽഹി മുനിസിപ്പൽ കോർപ്പറേഷനിൽ ബി. ജെ. പിയുടെ പതിനഞ്ച് വർഷം നീണ്ട ഭരണം അവസാനിപ്പിച്ച ആം ആദ്മി പാർട്ടിയുടെ കുതിപ്പ്, തകർച്ചയിൽ നിന്ന് കരകയറാത്ത കോൺഗ്രസിന് ബദലായി വളരുന്നതിന്റെ സൂചനയായി.ഡൽഹി, പഞ്ചാബ് സംസ്ഥാനങ്ങൾ കോൺഗ്രസിൽ നിന്നും ഇപ്പോൾ ഡൽഹി കോർപ്പറേഷൻ ബി. ജെ. പിയിൽ നിന്നും പിടിച്ചെടുത്ത ആം ആദ്മി ഇന്ന് തിരഞ്ഞെടുപ്പ് ഫലം വരുന്ന ഗുജറാത്തിൽ അക്കൗണ്ട് തുറന്നാൽ ബി.ജെ.പിക്ക് ദേശീയ എതിരാളിയെന്ന കണക്കുകൂട്ടൽ ശരിവയ്ക്കുന്നതാകും. 2024ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ ആം ആദ്മിക്കും അരവിന്ദ് കേജ്‌രിവാളിന് ദേശീയ തലത്തിൽ പ്രാധാന്യവുമേറും. കോർപ്പറേഷനും വരുതിയിലായതോടെ ഡൽഹിയിൽ ആം ആദ്മിക്ക് സമ്പൂർണ ആധിപത്യമായി. ഡൽഹി വടക്ക്, തെക്ക്, കിഴക്ക് മുനിസിപ്പൽ കോർപറേഷനുകളെ ലയിപ്പിച്ച് ഒന്നാക്കിയ ശേഷം നടന്ന ആദ്യ തിരഞ്ഞെടുപ്പിൽ 250 വാർഡുകളിൽ 134ലും ആം ആദ്മി ജയിച്ചു. ലയിപ്പിച്ചിട്ടും ഭരണവിരുദ്ധ വികാരം അതിജീവിക്കാൻ കഴിയാത്ത ബി. ജെ. പി ഇഞ്ചോടിഞ്ച് പോരാട്ടത്തിൽ 104 സീറ്റ് നേടി. തകർച്ച തുടരുന്ന കോൺഗ്രസിന് 9 സീറ്റ് മാത്രം. ഭരണം പോയെങ്കിലും ബി.ജെ.പി വോട്ട് 36ൽ നിന്ന് 39 ശതമാനമായി.

2015ൽ ഡൽഹി നിയമസഭയിൽ 70ൽ 67 സീറ്റും നേടി ആം ആദ്മി ഭരണം പിടിച്ചെങ്കിലും മൂന്നു കോർപ്പറേഷനുകളിലേക്ക് 2017ൽ നടന്ന തിരഞ്ഞെടുപ്പിൽ 272 വാർഡുകളിൽ 181ലും ജയിച്ചത് ബി.ജെ.പി ആയിരുന്നു. (എ.എ.പി 48, കോൺഗ്രസ് 30). ഡൽഹിയിൽ റേഷനും വൈദ്യുതിയും ഉൾപ്പെടെ ജനങ്ങൾക്ക് വാരിക്കോരി നൽകിയ സൗജന്യങ്ങൾ കോർപ്പറേഷൻ തിരഞ്ഞെടുപ്പിലും ആം ആദ്മിയെ സഹായിച്ചു. മദ്യനയ അഴിമതി, മന്ത്രി സത്യേന്ദ്ര ജെയിന്റെ ഹവാല കേസ്, പണം വാങ്ങി സ്ഥാനാർത്ഥിത്വം തുടങ്ങിയ ആരോപണങ്ങൾ അതിജീവിച്ചു. ഗുജറാത്തിലും ഇതേ സൗജന്യങ്ങൾ വാഗ്ദാനം ചെയ്തത് നേട്ടമുണ്ടാക്കുമെന്നാണ് വിലയിരുത്തുന്നത്. അവിടെ ആം ആദ്മി പത്തു സീറ്റ് വരെ നേടാമെന്നാണ് എക്സിറ്റ് പോൾ പ്രവചനങ്ങൾ.

**മികവിൽ ആം ആദ്മി**

2019 ലോക്സഭാ തിരഞ്ഞെടുപ്പിൽ മങ്ങിയയെങ്കിലും 2020ലെ നിയമസഭാ തിരഞ്ഞെടുപ്പിലും ( 70ൽ 62 സീറ്റ്) ഇപ്പോൾ മുനിസിപ്പൽ തിരഞ്ഞെടുപ്പിലും മിന്നും വിജയം

മാലിന്യ രഹിത ഡൽഹിയായിരുന്നു പ്രധാന വാഗ്ദാനം. മൂന്ന് മാലിന്യ മലകകൾ ഇടിക്കുമെന്നും പ്രഖ്യാപിച്ചു

**മങ്ങി ബി. ജെ.പി**

ലയനം തുണച്ചില്ല. കോർപ്പറേഷനിലെ അഴിമതി ആരോപണങ്ങൾ വിനയായി

ആം ആദ്മിയെ അഴിമതിക്കരെന്ന് വിളിച്ചതല്ലാതെ,? ജനത്തിന് ക്ഷേമ വാഗ്ദാനങ്ങൾ നൽകിയല്ല പ്രചാരണം നടത്തിയത്.

**ക്ഷീണിച്ച് കോൺഗ്രസ്**

ഡൽഹിയിൽ 2014ന് ശേഷമുള്ള കഷ്ടകാലം തുടരുന്നു.

2017ൽ 21% വോട്ടുമായി 30വാർഡ് നേടിയ കോൺഗ്രസിന് ഇക്കുറി 12% മാത്രം

മാറ്റം കൊണ്ടുവന്നതിന് ഡൽഹിയിലെ ജനങ്ങളെ അഭിനന്ദിക്കുന്നു. പ്രധാനമന്ത്രിയുടെ അനുഗ്രഹവും തേടുന്നു. കോർപ്പറേഷനെ അഴിമതിരഹിതമാക്കണംഎന്നുംഡൽഹി മുഖ്യമന്ത്രി

# തുറമുഖം അതിവേഗം, നിർമ്മാണം ഇന്നു പുനരാരംഭിക്കും , തീരവാസികൾക്ക് പാർപ്പിടത്തിനും നടപടി




**തിരുവനന്തപുരം:** വിഴിഞ്ഞം തുറമുഖ നിർമ്മാണം അദാനി ഗ്രൂപ്പ് ഇന്ന് പുനരാരംഭിക്കുന്നതിനൊപ്പം, മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കാനുള്ള പദ്ധതി നടപ്പാക്കാൻ സർക്കാരും നടപടി തുടങ്ങി. ഇവർക്കുള്ള പാർപ്പിട സമുച്ചയം നിർമ്മിക്കാൻ മുട്ടത്തറ വില്ലേജിൽ എട്ട് ഏക്കർ ഭൂമി മത്സ്യബന്ധനവകുപ്പിന് ഭൂമി കൈമാറാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. തുടർനടപടികൾ അടിയന്തരമായി സ്വീകരിക്കും.

കപ്പലിന് തുറമുഖവും മത്സ്യത്തൊഴിലാളികൾക്ക് പാർപ്പിടവും അതിവേഗം സജ്ജമാക്കുകയാണ് സർക്കാർ ലക്ഷ്യം. മുലിമുട്ട് നിർമ്മാണം ഇരട്ടിവേഗത്തിലാക്കി ഓണത്തിനുതന്നെ ആദ്യ കപ്പൽ അടുപ്പിക്കാനാണ് അദാനിയുടെ ശ്രമം. ഇതിനായി 30,000 ടൺ കല്ല് പ്രതിദിനം കടലിൽ നിക്ഷേപിക്കാൻ ബാർജുകൾ സജ്ജമാക്കും.15000 ടൺ ആയിരുന്നു സമരം തുടങ്ങും മുമ്പുവരെ നിക്ഷേപിച്ചിരുന്നത്. സമരം കാരണം തുറമുഖകമ്പനിക്കുണ്ടായ 226 കോടി രൂപയുടെ നഷ്ടം ലത്തീൻ അതിരൂപതയിൽ നിന്ന് ഈടാക്കാനുള്ള തീരുമാനത്തിൽ നിന്ന് സർക്കാർ പിന്മാറും. പദ്ധതി വൈകിയതിന് അദാനി ഗ്രൂപ്പിൽ നിന്ന് ആർബിട്രേഷൻ ഇനത്തിൽ നഷ്ടപരിഹാരം ഈടാക്കാനും സർക്കാർ തയ്യാറാവില്ല. സമരപ്പന്തൽ ഇന്നലെ വൈകുന്നേരത്തോടെ സമരസമിതിതന്നെ നീക്കം ചെയ്തു. നിർമ്മാണ സാമഗ്രികൾ വൻതോതിൽ ഇന്നു മുതൽ എത്തിക്കും. പ്രതിഷേധക്കാർ നശിപ്പിച്ച ഉപകരണങ്ങൾ പുതുതായി കൊണ്ടുവരണം. നിർമ്മാണം നിലച്ചതോടെ നിശ്ചലമായ ഉപകരണങ്ങൾ ഇന്നു മുതൽ സജ്ജമാക്കും.

നിർമ്മാണം കഴിഞ്ഞവ

1. പോർട്ട് ഓപ്പറേഷൻ ബിൽഡിംഗ്
2. 220 കെ.വി സബ്സ്റ്റേഷൻ
3. ബാക്കപ്പ് യാർഡ്
4. 800 മീറ്റർ ബെർത്തിന്റെ പൈലിംഗ്

ശേഷിക്കുന്ന പണികൾ

1. 1300 മീറ്റർ പുലിമുട്ട്
2. അപ്രോച്ച് റോഡ്
3. ക്രെയിൻ സ്ഥാപിക്കൽ

മുട്ടത്തറയിൽ പാർപ്പിടം

മുട്ടത്തറ വില്ലേജിൽ ക്ഷീരവികസന വകുപ്പിന്റെ കൈവശത്തിലുള്ള 17.43 ഏക്കർ ഭൂമിയിൽ നിന്നാണ് 8 ഏക്കർ മത്സ്യബന്ധന വകുപ്പിന് കൈമാറുന്നത്. ഭൂമിയുടെ ഉടമസ്ഥത റവന്യു വകുപ്പിൽ നിലനിറുത്തും.

തുറമുഖ നിർമ്മാണമാരംഭിച്ച ശേഷമുണ്ടായ കടലാക്രമണങ്ങൾ മൂലം വീട് നഷ്ടപ്പെട്ട കുടുംബങ്ങൾ വലിയതുറയിലെ തുറമുഖ ഗോഡൗണിൽ കഴിയുകയാണ്. ഒന്നര വർഷത്തിനകം ഇവർക്ക് ഫ്ളാറ്റ് ഒരുങ്ങും.

# റിപ്പോ 0.35% ഉയർത്തി, ബാങ്ക് പലിശ കൂടും

കൊച്ചി: നാണയപ്പെരുപ്പ ഭീഷണി വിട്ടൊഴിഞ്ഞിട്ടില്ലെന്ന് വ്യക്തമാക്കി തുടർച്ചയായ അഞ്ചാംതവണയും റിസർവ് ബാങ്ക് ധനനയ നിർണയസമിതി (എം.പി.സി) റിപ്പോനിരക്ക് കൂട്ടി . വാണിജ്യ ബാങ്കുകൾക്ക് നൽകുന്ന വായ്പയുടെ പലിശയായ റിപ്പോനിരക്ക് 0.35 ശതമാനം ഉയർത്തി 6.25 ശതമാനമാക്കി.

ബാങ്ക് വായ്പക്കും ഇതിന്റെ ഫലമായി പലിശ കൂടും.

മേയിൽ 0.40 ശതമാനം, ജൂണിലും ആഗസ്റ്റിലും ഒക്ടോബറിലും 0.50 ശതമാനം വീതം എന്നിങ്ങനെയാണ് ഇതിനു മുൻപ് റിപ്പോ കൂട്ടിയത്. ഒക്ടോബറിൽ നാണയപ്പെരുപ്പം അല്പം അയഞ്ഞതുകൊണ്ടാണ് റിസർവ് ബാങ്ക് ഗവർണർ ശക്തികാന്ത ദാസ് അദ്ധ്യക്ഷനായ സമിതി പലിശവർദ്ധന 0.35 ശതമാനത്തിലൊതുക്കിയത്.

പലിശ കൂടുമ്പോൾ വായ്പയുടെ ഡിമാൻഡ് കുറയും. ഇത് വിപണിയിലേക്കുള്ള പണമൊഴുക്ക് കുറയ്ക്കും. അതുവഴി നാണയപ്പെരുപ്പം കുറയ്ക്കാം.


വായ്പാ തിരിച്ചടവ് കൂടും

ഭവന, വാഹന, വ്യക്തിഗത, കാർഷിക, മൂലധന, വിദ്യാഭ്യാസ വായ്പകളുടെ തിരിച്ചടവ് (ഇ.എം.ഐ) വർദ്ധിക്കും. ഫിക്സഡ് (സ്ഥിര) പലിശനിരക്കിൽ വായ്പ എടുത്തവർക്ക് റിപ്പോവർദ്ധന ബാധകമല്ല.

ബാങ്കുകൾ സ്ഥിരനിക്ഷേപ പലിശയും കൂട്ടും. എഫ്.ഡി പലിശയെ ആശ്രയിക്കുന്നവർക്ക് ആശ്വാസമാകും. ഇപ്പോൾ 5-7 ശതമാനമാണ്.


(എസ്.ബി.ഐയുടെ നിരക്ക് പ്രകാരമുള്ള ഭവനവായ്പ)

വായ്പ: ?25 ലക്ഷം
കാലാവധി : 20 വർഷം
പലിശനിരക്ക് : 8.7%
ഇ.എം.ഐ : ?22,013
മൊത്തം പലിശബാദ്ധ്യത : ?27,83,138
ആകെ തിരിച്ചടവ് : ?52,83,138
പുതുക്കിയ പലിശ : 9.05%
ഇ.എം.ഐ : ?22,574
ഇ.എം.ഐ വർദ്ധന : ?561
മൊത്തം പലിശബാദ്ധ്യത : ?29,17,665
ആകെ തിരിച്ചടവ് : ?54,17,665




**ആശാൻ**

ഡൽഹി കോർപ്പറേഷൻ കൈവിട്ട് ബി.ജെ.പി. കോൺഗ്രസ് വീണിടത്ത് ആം ആദ്മി വളരുന്നു



കൂടുതൽ സന്തോഷം വേണോ?

ലോകചരിത്രത്തിലാദ്യമായി
22 മണിക്കൂർ 10 മിനിറ്റ് തുടർച്ചയായി
വിഷ്വൽ കഥാപ്രസംഗം അവതരിപ്പിച്ച്
URF-ASIAN RECORD & WORLD RECORD കരസ്ഥമാക്കിയ
ഡോ. നിരണം രാജൻ
അവതരിപ്പിക്കുന്ന
പുണ്യപുരാണ വിഷ്വൽ കഥാപ്രസംഗം
നിരണം പി.ഒ., തിരുവല്ല, പത്തനംതിട്ട. ഫോൺ: 98470 31647
സൗണ്ട് സിസ്റ്റവും ലൈറ്റ് സിസ്റ്റവും ഞങ്ങൾ കൊണ്ടുവരുന്നതാണ്

പരാശക്തി ജ്യോതിഷ പീഠം
പോളി ജംഗ്ഷൻ – തൃപ്രയാർ
ഫോൺ: 9745205651, 9188205651
ജോത്സ്യൻ : ജി. എൻ. ബാബുജി
ജ്യോതിഷം, വെറ്റില ജ്യോതിഷം, താംബൂല പ്രശ്നം, അഷ്ടമംഗല പ്രശ്നം, ദേവ പ്രശ്നം, സ്വർണ്ണപ്രശ്നം, മഷിനോട്ടം, പരിഹാരം
മഹത്തായ യന്ത്രങ്ങൾ, ഏലസ്സുകൾ, വിദ്യാമഹാറാണി യന്ത്രം, സ്വയംവര യന്ത്രം, അർദ്ധനാരിശ്വരിയന്ത്രം, നെടുമംഗല്യം, അശ്വമേധം, സർപ്പഹരം, ഒമ്പത് ഗ്രഹങ്ങളുടേയും ദോഷപരിഹാരയന്ത്ര ഏലസ്സുകൾ, ഗരുഡമഹാമന്ത്ര യന്ത്ര ഏലസ്സ് എല്ലാ ദോഷപരിഹാരങ്ങൾക്കും

കേരള പ്രണാമം
സത്യം വദഃ ധർമ്മം ചരഃ
editorialkeralapranamam@gmail.com

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച

ലോകത്തിന്റെ വെളിച്ചമാണ് പുസ്തകങ്ങൾ

മഹാത്മാ ഗാന്ധി



# ഇനി ആശങ്കയ്ക്ക് വക ഇല്ല

വിഴിഞ്ഞത്ത് സമരം അവസാനിക്കുമ്പോൾ അകലുന്നത് കേരളത്തിന്റെ ആശങ്കയാണ് പോലീസ്സ്റ്റേഷൻ ആക്രമണത്തോളംനീണ്ട പ്രതിഷേധങ്ങൾ നടക്കുമ്പോഴും തുറമുഖത്തിന്റെ നിർമാണം നിർത്തിവയ്ക്കാതെ മത്സ്യത്തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കണമെന്നു കേരള ജനത ഏറെ ആഗ്രഹിച്ചിരുന്നു. നിയമസഭയിൽ, ജനപ്രതിനിധികളും ഒറ്റക്കെട്ടായി ഇതേ വികാരമാണു പ്രകടിപ്പിച്ചത്. ഒടുവിൽ സമരത്തിന്റെ 138-ാം ദിവസം, മുഖ്യമന്ത്രി പിണറായി വിജയനുമായി സമരസമിതി നേതാക്കൾ നടത്തിയ ചർച്ചയിൽ സമവായത്തിനു വഴിതെളിഞ്ഞു. വിഴിഞ്ഞം തുറമുഖം കേരളത്തിന്റെ വികസന ചരിത്രത്തിൽ നിർണായക കാൽവയ്പാകുമെന്ന പ്രതീക്ഷയാണു സർക്കാരിനുള്ളത്. അതേസമയം പദ്ധതിനിർവഹണം പുരോഗമിക്കുന്തോറും ജീവിതം തന്നെ വഴിമുട്ടുന്ന പ്രതിസന്ധിയാണു തീരദേശവാസികൾ അനുഭവിക്കുന്നത്. ഇരുകൂട്ടരുടേയും പ്രതീക്ഷയും ആശങ്കയും പങ്കുവയ്ക്കപ്പെട്ട സമവായ ചർച്ചയിൽ ഉരുത്തിരിഞ്ഞ നിർദേശങ്ങൾ വിട്ടുവീഴ്ചയില്ലാതെ നടപ്പാക്കാൻ കഴിയണം. എങ്കിൽ മാത്രമേ വിഴിഞ്ഞത്തെ മുൻനിർത്തി സർക്കാർ പങ്കുവയ്ക്കുന്ന പ്രതീക്ഷകളുടെ ആകാശവും തീരദേശ ജനതയ്ക്ക് സമാധാനവും സന്തോഷകരവുമായ ജീവിതത്തിനുവേണ്ട ഭൂമിയും സൃഷ്ടിക്കപ്പെടുകയുള്ളു.

>പുനരധിവാസപാക്കേജ് കാലാനുസൃതമായി നടപ്പാക്കാത്തതാണു പ്രശ്നങ്ങൾ രൂക്ഷമാകാൻ മുഖ്യമായൊരു കാരണമെന്നു വിലയിരുത്താനാകും. ഇപ്പോഴുണ്ടായ സമവായത്തിന്റെ ആയുസും ഫലപ്രാപ്തിയും നിശ്ചയിക്കുന്നതും സർക്കാർ നൽകിയ വാഗ്ദാനങ്ങൾ പാലിക്കുന്നതിലുള്ള പ്രതിബദ്ധത ആയിരിക്കും. വീട് നഷ്ടമായവർക്കുള്ള ഫ്ലാറ്റ് നിർമാണം ഒന്നരക്കൊല്ലത്തിനകം പൂർത്തിയാക്കുമെന്ന് ഉറപ്പ് നൽകിയിയിട്ടുണ്ട് അന്തസോടെ താമസിക്കാൻ ഇടവും ജോലി ചെയ്തു ജീവിക്കാനുള്ള സാഹചര്യവും മത്സ്യത്തൊഴിലാളികൾക്ക്ഉറപ്പാക്കണം. പ്രളയസമയത്ത് അവർ നീട്ടിയ രക്ഷാകരങ്ങളെ പ്രകീർത്തിക്കാൻ മടിക്കാത്ത സർക്കാർ അവർ എങ്ങനെ കഴിയുന്നുവെന്നു മനസിലാക്കുന്നതിൽ പിഴവുവരുത്തി. തുറമുഖ നിർമാണം ഏറ്റെടുത്തിരിക്കുന്നത് അദാനി ഗ്രൂപ്പാണ് സർക്കാർ അറിയിക്കുന്ന മാത്രയിൽ നിർമാണം പുനരാരംഭിക്കാൻ കഴിയുമെന്ന് ആത്മവിശ്വാസം പ്രകടിപ്പിച്ച കോർപ്പറേറ്റ് സ്ഥാപനം അവരുടെ ചുമതല നിർവഹിച്ചുകൊള്ളും. വികസനം വരുമ്പോൾ വഴിമാറി കൊടുക്കേണ്ടിവരുന്ന പദ്ധതി പ്രദേശത്തെ ജനങ്ങളെക്കുറിച്ചുള്ള ചിന്തയാകണം ഒരു ജനകീയ സർക്കാരിനെ നയിക്കേണ്ടത്. വികസന പദ്ധതികൾ നടപ്പാക്കുമ്പോൾ അവ മാനുഷിക മുഖത്തോടെയാകണമെന്ന കാര്യത്തിൽ സർക്കാരിനു നിഷ്ക്കർഷയുണ്ടെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. എന്നാൽ, കേരളത്തിലുണ്ടായ പല വികസനങ്ങളുടേയും പേരിൽ എത്രയോ പേരാണ് തെരുവിലാക്കപ്പെട്ടിട്ടുള്ളത്. മാനുഷിക മുഖം ഭരണാധികാരികൾക്ക് ഉണ്ടായിരുന്നെങ്കിൽ പലർക്കും ഈ ഗതി വരുമായിരുന്നില്ല. ഇത്തരം ജീവിക്കുന്ന ഉദാഹരണങ്ങൾ ചുറ്റിലുമുള്ളതുകൊണ്ടാണ് പലരും സർക്കാരിന്റെ വികസന വാഗ്ദാനങ്ങളെ പേടിക്കുന്നത്. പദ്ധതിപ്രദേശത്തുള്ള ആളുകളുടെ പ്രശ്നങ്ങൾക്ക് കൂടുതൽ മാനുഷിക പരിഗണന നൽകിയില്ലെങ്കിൽ പദ്ധതിപോലും മുടങ്ങിപ്പോകാമെന്നു വിഴിഞ്ഞം സമരം അധികാരികളെ ബോധ്യപ്പെടുത്തി.

കേരളത്തിന്റെ വികസനത്തിൽ സമഗ്ര സംഭാവന നൽകാൻ കഴിയുന്ന പദ്ധതി ഈരീതിയിൽ തടസപ്പെട്ടതിൽ പല ഭാഗത്തുനിന്നും വീഴ്ചയുണ്ടായി. ഓഗസ്റ്റ് 16 ന് ആണ് തുറമുഖ കവാടത്തിൽ സമരം ആരംഭിച്ചത്. സമരസമിതി മുന്നോട്ടുവച്ച ഏഴ് ആവശ്യങ്ങളിൽ അഞ്ചെണ്ണം ഉപസമിതിയുമായുള്ള ചർച്ചയിൽ പരിഹരിക്കപ്പെട്ടെങ്കിലും പിന്നീട് സമരം കടുത്തു. പദ്ധതിക്ക് തടസമുണ്ടാകുന്നത് നമ്മുടെ വികസന സാദ്ധ്യതകൾക്ക് മങ്ങലേൽക്കുമെന്നു മുഖ്യമന്ത്രി അടക്കമുള്ളവർ പറയുമ്പോഴും വിഭാഗീയത പരിഹരിക്കാൻ കഴിയാതെപോയി. ഹൈക്കോടതിയിൽ കേസ് വരുന്നതിന് നാലുദിവസം മുൻപ ലത്തീൻ അതിരൂപതയുടെ ആർച്ച്ബിഷപ്പിനും മറ്റുമെതിരേ കേസ് എടുക്കുന്ന സാഹചര്യമുണ്ടായി. അതിന്റെ പ്രതിഷേധമാണു പോലീസ് സ്റ്റേഷൻ ആക്രമണത്തസിലേക്കു നയിച്ചതെന്ന് സമരസമിതി നേതാക്കൾ പറഞ്ഞു. സമരം അവസാനിപ്പിക്കാൻ സിറോ മലങ്കര കത്തോലിക്കാ സഭാധ്യക്ഷൻ കർദിനാൾ ബസേലിയോസ്മാർ ക്ലീമിസ്ബാവായുൾപ്പെടെ നടത്തിയ ശ്രമങ്ങൾ ശ്രദ്ധേയമായി. പ്രശ്ന പരിഹാരത്തിന് പക്വമായ മധ്യസ്ഥശ്രമങ്ങളുടെ പ്രാധാന്യവും വിഴിഞ്ഞം വരച്ചിടുന്നു. സമരക്കാർക്കും സർക്കാരിനുമുണ്ടായ തിരിച്ചറിവുകളുടെ പുതിയ ആകാശവും ഭൂമിയും വിഴിഞ്ഞം തുറമുഖത്തിന്റെ പൂർത്തീകരണം സുഗമമാക്കാൻ സഹായകരമാകുമെന്ന് പ്രതീക്ഷിക്കട്ടെ

# കേന്ദ്രത്തിൽ നിന്ന് അടിയന്തര സന്ദേശം; ആനന്ദബോസ് ഡൽഹിയിലേക്ക്

കോട്ടയം: പശ്ചിമബംഗാൾ ഗവർണർ ഡോ.സി.വി. ആനന്ദ ബോസ് കേരള മുഖ്യമന്ത്രിയുമായുള്ള കൂടിക്കാഴ്ച ഉൾപ്പെടെ നിശ്ചയിച്ചിരുന്ന എല്ലാ പരിപാടികളും റദ്ദാക്കി വ്യാഴാഴ്ച രാവിലെ ഡൽഹിക്ക് മടങ്ങും. ജന്മനാടായ കോട്ടയത്തെ പൗരാവലി വ്യാഴാഴ്ച ഒരുക്കിയിരുന്ന സ്വീകരണമടക്കം ഡിസംബർ 12 വരെയുള്ള എല്ലാ പരിപാടികളും റദ്ദാക്കിയിട്ടുണ്ട്. കേന്ദ്ര ഭരണനേതൃത്വത്തിൽനിന്നുള്ള അടിയന്തര സന്ദേശത്തെ തുടർന്നാണ് തിരക്കിട്ടുള്ള മടക്കം. അഞ്ചാംതീയതി കേരളത്തിലേക്ക് എത്തുന്നതിനുമുമ്പും അദ്ദേഹം ഡൽഹിയിലെത്തിയിരുന്നു.

# ആൺകുട്ടികളും 9.30-നുള്ളിൽ ഹോസ്റ്റലിൽ കയറണം; രണ്ടാംവർഷക്കാർക്ക് ഇളവ്; സർക്കാർ ഉത്തരവ്

**കോഴിക്കോട്:** കോഴിക്കോട് മെഡിക്കൽ കോളേജ് ഹോസ്റ്റലിലെ പ്രവേശന സമയത്തിൽ ആൺ-പെൺ വിവേചനം പാടില്ലെന്ന് സർക്കാർ ഉത്തരവ്. ആൺകുട്ടികളും രാത്രി ഹോസ്റ്റലിൽ പ്രവേശിക്കേണ്ട സമയം 9.30 ആക്കി നിജപ്പെടുത്തി ആരോഗ്യ വകുപ്പ് ഉത്തരവിറക്കി.

ഹോസ്റ്റൽ പ്രവേശന സമയത്തിൽ നിയന്ത്രണം പാടില്ലെന്നാവശ്യപ്പെട്ടുള്ള പെൺകുട്ടികളുടെ പ്രതിഷേധത്തിനു പിന്നാലെയാണ് ഹോസ്റ്റൽ പ്രവേശന സമയം ആൺകുട്ടികൾക്കും കർശനമാക്കിക്കൊണ്ടുള്ള ഉത്തരവ്. ഹോസ്റ്റൽ പ്രവേശനത്തിന് സമയപരിധി വെച്ചുകൊണ്ടുള്ള നിയന്ത്രണം പാടില്ലെന്ന പെൺകുട്ടികളുടെ ആവശ്യം പരിഗണിക്കുന്നതിന് പകരം, ആൺകുട്ടികളുടെ സമയം കൂടി വെട്ടിച്ചുരുക്കി പ്രശ്നം പരിഹരിക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്ന ആരോപണം ശക്തമായി ഉയരുന്നുണ്ട്.

സർക്കാർ ഉത്തരവ് പ്രകാരം പ്രവേശന സമയത്തിൽ ഒന്നാംവർഷ വിദ്യാർഥികൾക്ക് മാത്രമാണ് കർശന നിയന്ത്രണം ബാധകം. രണ്ടാം വർഷം മുതലുള്ള വിദ്യാർഥികൾക്ക് സമയത്തിൽ ഇളവ് നൽകിയിട്ടുണ്ട്. രാത്രി 9.30-ന് ശേഷമെത്തുന്ന രണ്ടാം വർഷ വിദ്യാർഥികൾക്ക് ഐഡി കാർഡ് കാണിച്ച് രജിസ്റ്ററിൽ ഒപ്പുവെച്ച് ഹോസ്റ്റലിനുള്ളിലേക്ക് കയറാം. വിദ്യാർഥികൾക്ക് ഏതെങ്കിലും കാര്യത്തിന് പുറത്തുപോവണമെങ്കിൽ രക്ഷിതാക്കളുടെ മുൻകൂട്ടിയുള്ള അനുമതിപത്രത്തോടെ പ്രവേശന സമയത്തിൽ പ്രത്യേക ഇളവ് നൽകുമെന്നും ഉത്തരവിൽ പറയുന്നു.

ഹോസ്റ്റൽ പ്രവേശനത്തിനുള്ള സമയനിയന്ത്രണത്തിനെതിരായിരുന്നു പെൺകുട്ടികൾ പ്രധാനമായും സമരംചെയ്തിരുന്നത്. രാത്രി 9.30-നുള്ളിൽ ഹോസ്റ്റലിൽ കയറണമെന്ന നിയന്ത്രണം അംഗീകരിക്കാൻ കഴിയില്ലെന്നായിരുന്നു വിദ്യാർഥിനികളുടെ നിലപാട്. സമയ നിയന്ത്രണമില്ലാതെ ആൺകുട്ടികൾ ഹോസ്റ്റലിൽ പ്രവേശിക്കുന്നുവെന്ന കാര്യവും വിദ്യാർഥിനികൾ ചൂണ്ടിക്കാണിച്ചിരുന്നു. എന്നാൽ സമയനിയന്ത്രണം പാടില്ലെന്ന വിദ്യാർഥിനികളുടെ ആവശ്യത്തെ ആൺകുട്ടികളുടെ സമയംകൂടി 9.30 ആയി നിജപ്പെടുത്തി നേരിടാനാണ് സർക്കാർ ശ്രമം.

അതേസമയം, നേരത്തെതന്നെ ഹോസ്റ്റലിലെ സമയക്രമം 9.30 ആയിരുന്നുവെന്നാണ് മെഡിക്കൽ കോളേജ് അധികൃതർ വിശദീകരിക്കുന്നത്. പെൺകുട്ടികൾക്ക് ഇത് കർശനമായി നടപ്പാക്കപ്പെടുകയും ആൺകുട്ടികൾക്ക് നിയന്ത്രണം ഏർപ്പെടുത്താതിരിക്കുന്നതുമായിരുന്നു



# ഒന്നിനുമുകളിൽ ഒന്നായി മൂന്ന് പാതകൾ, ഒറ്റത്തൂൺ; നാഗ്പൂരിലെ പാതയ്ക്ക് ലോകറെക്കോഡ്

ബൈ: നാഗ്പൂർ നഗരത്തിലെ അപൂർവകാഴ്ചയായ ഇരട്ടമേൽപ്പാതയ്ക്ക് ലോകറെക്കോഡ്. ഇവിടെ മൂന്നുപാതകളാണ് ഒന്നിനുമുകളിൽ ഒന്നായിക്കിടക്കുന്നത്. ഏറ്റവും താഴെ പഴയ വാർധ ദേശീയപാത. അതിനുമുകളിൽ സമാന്തരമായി മേൽപ്പാത. അതിനും മുകളിലായി മെട്രോപാത. ഈ രണ്ടുമേൽപ്പാതകളും നിൽക്കുന്നത് ഒറ്റത്തൂണിലാണ്.

ഏറ്റവും നീളംകൂടിയ ഇരട്ടമേൽപ്പാത ഒറ്റത്തൂണിൽ നിർമിച്ചതിനാണ് ദേശീയപാതാ അതോറിറ്റിക്കും മഹാരാഷ്ട്രാ മെട്രോ റെയിൽ കോർപ്പറേഷനും ഗിന്നസ് ലോകറെക്കോഡ് ലഭിച്ചത്. 3.14 കിലോമീറ്റർ നീളത്തിലാണ് ഇരട്ട മേൽപ്പാതകൾ നിർമിച്ചത്.

ഗതാഗതവകുപ്പുമന്ത്രി നിതിൻഗഡ്കരി കഴിഞ്ഞദിവസം ദേശീയപാതാ അതോറിറ്റിയെയും മഹാരാഷ്ട്രാ മെട്രോയെയും അഭിനന്ദിച്ചിരുന്നു. ഏഷ്യാ ബുക്ക് റെക്കോഡിലും ഇന്ത്യാ ബുക്ക് റെക്കോഡിലും ഇടംപിടിച്ചശേഷമാണ് ലോക റെക്കോഡായതെന്ന് ഗഡ്കരി പറഞ്ഞു. ഈ നേട്ടത്തിനുപിന്നിൽ പ്രവർത്തിച്ചവരോട് ഏറെ നന്ദിയുണ്ടെന്നും രാജ്യത്തിന് അഭിമാന മുഹൂർത്തമാണിതെന്നും അദ്ദേഹം പറഞ്ഞു.




# 16 കാരവൻ, 31 അംഗങ്ങൾ; ലോകസഞ്ചാരികളെ വരവേറ്റ് തേക്കടി

ടൂറിസം രംഗത്തിന് ഉണർവ് പകർന്ന് കാരവനിൽ ലോകം ചുറ്റുന്ന വിദേശ വിനോദസഞ്ചാരി സംഘം തേക്കടിയിലെത്തി. ജർമനി, സ്വിറ്റ്സർലൻഡ് എന്നിവിടങ്ങളിൽനിന്നുള്ള 31 അംഗസംഘമാണ് 16 കാരവാനിലായി തിങ്കളാഴ്ച ഉച്ചയോടെ എത്തിയത്. കോവിഡ് മഹാമാരിക്കുശേഷം ആദ്യമായാണ് ഇത്ര വലിയൊരു കാരവൻ സംഘം തേക്കടിയിലെത്തിയത്.

അഞ്ച് രാജ്യങ്ങൾ പിന്നിട്ട് റോഡുമാർഗമാണ് ഇവർ ഇന്ത്യയിലെത്തിയത്. കേരളത്തിലേക്ക് പ്രവേശിച്ചപ്പോൾ മോട്ടോർ വാഹനവകുപ്പ് മണിക്കൂറുകളോളം വഴിയിൽ തടഞ്ഞതായി സഞ്ചാരികൾ പറഞ്ഞു. വാഹനത്തിന് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തി രൂപമാറ്റംവരുത്തി എന്നാരോപിച്ച് പതിനായിരം രൂപ പിഴ ഈടാക്കാനും ശ്രമിച്ചു. ഒടുവിൽ ടൂറിസം മന്ത്രിയുടെ ഓഫീസ് ഇടപെട്ടതിനെ തുടർന്നാണ് ഇവരെ വിട്ടയച്ചത്. ചില്ലറ കല്ലുകടിയുണ്ടായെങ്കിലും ഇവർക്ക് കൊച്ചിയും തേക്കടിയും ഏറെ ഇഷ്ടപ്പെട്ടു.

ജർമനി, സ്വിറ്റ്സർലൻഡ് എന്നിവിടങ്ങളിൽനിന്നുള്ള വ്യവസായ സംരംഭകരും പങ്കാളികളുമാണ് ലോകയാത്ര നടത്തുന്നത്. ജർമനിയിൽനിന്നുള്ള സംഘം സ്വിറ്റ്സർലൻഡിലെത്തി അവിടെനിന്നാണ് നാലരമാസം മുൻപ് യാത്ര തിരിച്ചത്. ജോൺ സ്ലാഹിനാണ് ക്യാപ്ടൻ.

പത്ത് ടൺ ഭാരമുള്ള 16 കാരവൻ വാഹനങ്ങളിലാണ് യാത്ര ചെയ്യുന്നത്. ഒരു ചെറുകുടുംബത്തിനു കഴിയാവുന്നതരത്തിൽ രൂപമാറ്റം ഒരോ വാഹനങ്ങളിൽ നടത്തിയിട്ടുണ്ട്.

കിടക്കുന്നതിനും ഭക്ഷണം പാകം ചെയ്യുന്നതിനും പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കുന്നതിനും വാഹനത്തിൽ സൗകര്യമുണ്ട്. എല്ലാ വാഹനങ്ങളിലും സോളാർ പാനലുകൾ ഉണ്ട്.

സംഘം ഇതിനോടകം തുർക്കി, ഇറാൻ, ജോർജിയ, അഫ്ഗാനിസ്ഥാൻ, പാക്കിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളിൽ സന്ദർശനം പൂർത്തിയാക്കി. ഒരുവർഷം കൊണ്ട് 18 രാജ്യങ്ങൾ സന്ദർശിക്കാനാണ് തീരുമാനം. ഓസ്ട്രേലിയയിൽ യാത്ര അവസാനിക്കും.

ലോക സഞ്ചാരത്തിനായി ഓരോരുത്തരും 33,000 യൂറോയാണ് ചെലവഴിക്കുന്നത്. ഇത് മുപ്പത് ലക്ഷത്തോളം ഇന്ത്യൻ രൂപയാണ്. അടുത്തദിവസം കന്യാകുമാരിവഴി തമിഴ്നാട്ടിലേക്ക് പോകും. മൂന്നുമാസംകൊണ്ട് ഇന്ത്യ സന്ദർശിച്ച് മടങ്ങുന്നതിന്റെ ഭാഗമായിട്ടാണ് ഗോവയിൽനിന്ന് കേരളത്തിലെത്തിയത്. തേക്കടി ടൂറിസം പ്രമോഷൻ സംഘം വലിയ സ്വീകരണവും സഞ്ചാരികൾക്കായി ഒരുക്കി. വൈൽഡ് അവന്യൂ തേക്കടിയാണ് സൗജന്യമായി മുഴുവൻ സൗകര്യങ്ങളും ഒരുക്കികൊടുത്തത്.



# പ്രീതി വ്യക്തിപരമല്ല, നടപടി ഉന്നത സ്ഥാനത്തുള്ളവർക്ക് യോജിച്ചതല്ല; ചാൻസലർക്കെതിരേ ഹൈക്കോടതി

കൊച്ചി: സർവകലാശാല ചാൻസലറായ ഗവർണർക്കെതിരേ വിമർശനവുമായി ഹൈക്കോടതി. പ്രീതി വ്യക്തിപരമല്ലെന്നും വ്യക്തികളെ ഇഷ്ടമല്ലെങ്കിൽ പ്രീതി പിൻവലിക്കുന്നത് ഉന്നത സ്ഥാനത്തിരിക്കുന്നവർക്ക് യോജിച്ച നടപടിയല്ലെന്നും ഹൈക്കോടതി നിരീക്ഷിച്ചു. കേരള സർവകലാശാല സെനറ്റ് അംഗങ്ങളെ പുറത്താക്കിയ നടപടിക്കെതിരേയുള്ള ഹർജി പരിഗണിക്കുന്ന വേളയിലാണ് കോടതിയിൽനിന്ന് ചാൻസലർക്കെതിരേ വിമർശനമുണ്ടായത്.

സർവകലാശാല സെനറ്റിനേയും കോടതി വിമർശിച്ചു. പുതിയ വൈസ് ചാൻസലറെ നിയമിക്കാൻ നിങ്ങൾക്ക് ഉദ്ദേശമില്ലെന്നാണ് മനസിലാകുന്നതെന്നാണ് സെനറ്റ് അംഗങ്ങളോടുള്ള കോടതിയുടെ വിമർശനം. പുതിയ വൈസ് ചാൻസലറെ തീരുമാനിക്കുന്നതിനുള്ള നോമിനിയെ നിശ്ചയിക്കുമെങ്കിൽ പുറത്താക്കിയ മുഴുവൻ സെനറ്റ് അംഗങ്ങളേയും ഉടൻ ആ സ്ഥാനങ്ങളിലേക്ക് തിരിച്ചെത്തിക്കാമെന്ന വാദവും കോടതി മുന്നോട്ടുവെച്ചു. എന്നാൽ അതിനനുസരിച്ചുള്ള പ്രതികരണങ്ങൾ സർവകലാശാലയുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ലെന്നും കോടതി വിമർശിച്ചു.

വിദ്യാർഥികളുടെ ഭാവിയെക്കുറിച്ച് കോടതിക്ക് മാത്രമേ ആശങ്കയുള്ളു. മറ്റൊരു കക്ഷിയും അതേക്കുറിച്ച് ചിന്തിക്കുകയോ പറയുകയോ ചെയ്യുന്നില്ല എന്നൊരു വിമർശനം കൂടി ജസ്റ്റിസ് ദേവൻ രാമചന്ദ്രന്റെ ഭാഗത്തുനിന്നുണ്ടായി. ചാൻസലറുടെ നടപടിക്കെതിരേയുള്ള ഹർജിയിൽ കോടതിയിൽ വാദം തുടരുകയാണ്.



# ജാഗ്രത വേണം; ഡെങ്കിപ്പനിക്കെതിരെ

**തൊടുപുഴ:** ജില്ലയിൽ ഡെങ്കിപ്പനി സംശയിക്കുന്നവരുടെ എണ്ണം വർധിക്കുന്ന സാഹചര്യത്തിൽ ജില്ല വെക്ടർ കൺട്രോൾ യൂനിറ്റ് പ്രവർത്തനം ഊർജിതമാക്കി. ഈ മാസം ഇതുവരെ ഡെങ്കിയെന്ന് സംശയിക്കുന്ന 14 കേസുകളാണ് എത്തിയത്.ഇതിൽ രണ്ട് പേർക്ക് ഡെങ്കിപ്പനി സ്ഥിരീകരിച്ചു. തൊടുപുഴയിൽ വെങ്ങല്ലൂരും മുതലക്കോടത്തുമായി രണ്ട് പേർക്ക് ഡെങ്കിപ്പനി സ്ഥിരീകരിച്ചിട്ടുണ്ട്. സമീപ ജില്ലകളിൽനിന്ന് പനി ബാധിച്ച് മടങ്ങിയെത്തിയവരിലെ പരിശോധനയിലാണ് ഡെങ്കിപ്പനി കണ്ടെത്തിയത്. ഇതേ തുടർന്ന് പ്രദേശത്തെ വീടുകളും പുരയിടങ്ങളും കേന്ദ്രീകരിച്ച് ഉറവിട കൊതുക് നശീകരണ പ്രവർത്തനങ്ങൾ തുടങ്ങി.ഒരു പ്രദേശത്ത് ഡെങ്കിപ്പനി റിപോർട്ട് ചെയ്താൽ ആദ്യ ചെയ്യുക ഫോഗിങ്ങും ഉറവിട നശീകരണവുമാണ്. വെള്ളം കെട്ടിനിൽക്കുന്ന പ്ലാസ്റ്റിക്ക് പാത്രം, പടുത, ചെടിച്ചട്ടികൾ, ഫ്ലവർവേസ്, ചിരട്ട എന്നിവയാണ് കൂത്താടികളുടെ ഉറവിടം. ഇവയിൽ നിന്നൊക്കെ ഡെങ്കിപ്പനിക്ക് കാരണമാകുന്ന ഈഡിസ് വിഭാഗം കൊതുകിൻറെ കൂത്താടികളെ കണ്ടെത്തിയിട്ടുണ്ട്.നിലവിൽ ജില്ലയിൽ ചുരുക്കം കേസുകൾ റിപ്പോർട്ട് ചെയ്യുന്ന സാഹചര്യമാണുള്ളതെന്ന് ജില്ല എൻറമോളജിസ്റ്റ് സന്തോഷ് ജോർജ് 'മാധ്യമ'ത്തോട് പറഞ്ഞു. എങ്കിലും മുൻകരുതലുകളും പ്രതിരോധ നടപടികളും കൃത്യമായി പാലിക്കണം. നിയന്ത്രിച്ചില്ലെങ്കിൽ ഡെങ്കിപ്പനി പടരാനുള്ള സാധ്യത ഉണ്ടാകുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കേസുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ തന്നെ തദ്ദേശ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന ഇടങ്ങളിൽ ബോധവത്കരണവും ഉറവിട നശീകരണവും ജില്ല വെക്ടർ കൺട്രോൾ യൂനിറ്റ് നടത്തുന്നുണ്ട്. കൊതുക് വളർച്ചക്ക് സാധ്യതയുള്ള സാഹചര്യങ്ങൾ ഒഴിവാക്കുകയാണ് ആദ്യം ചെയ്യുന്നത്. ജൂൺ-ജൂലൈ മാസങ്ങളിലാണ് സാധാരണ ഡെങ്കിപ്പനി കൂടുതലായി റിപ്പോർട്ട് ചെയ്യുന്നതെങ്കിലും ഇപ്പോൾ സമീപ ജില്ലകളിൽ ഡെങ്കിപ്പനി കേസുകൾ കൂടുന്നതായി കണ്ടുവരുന്നുണ്ട്. ഡ്രൈഡേ ആചരണം വഴി ആഴ്ചയിൽ ഒരുദിവസം വീടും പരിസരവും പരിശോധിച്ച് ഉറവിടങ്ങൾ ഇല്ലെന്ന് ഉറപ്പാക്കണമെന്നും ജില്ല വെക്ടർ കൺട്രോൾ യൂനിറ്റ് അധികൃതർ അറിയിച്ചു.ഇതുകൂടാതെ വൈറൽ പനി, എലിപ്പനി കേസുകളും റിപ്പോർട്ട് ചെയ്യുന്നുണ്ട്. ജില്ലയിൽ ഈ മാസം ഒരു എലിപ്പനി കേസ് സ്ഥിരീകരിച്ചപ്പോൾ നാല് കേസുകൾ സംശയിക്കുന്നു. ജില്ലയിൽ ഒരാഴ്ചക്കിടെ 913 പേർ വൈറൽ പനി ബാധിതരായതാണ് കണക്ക്. ഇത് സർക്കാർ ആശുപത്രികളിൽനിന്ന് മാത്രമുള്ള കണക്കാണ്. സ്വകാര്യ ആശുപത്രികളിലും വിവിധ ക്ലിനിക്കുകളിലും എത്തിയവരുടെ എണ്ണം പരിശോധിച്ചാൽ ഇതിൻറെ ഇരട്ടിയിലധികം വരും. കുട്ടികൾക്കിടയിലും പനി, ഛർദി തുടങ്ങിയ രോഗങ്ങളും കൂടുതലായി റിപ്പോർട്ട് ചെയ്യുന്നുണ്ട്.



# ജപ്പാൻ കുടിവെള്ള പൈപ്പ് വീണ്ടും പൊട്ടി; ജലവിതരണം മുടങ്ങി

**അരൂർ:** അരൂരിൽ ജപ്പാൻ പൈപ്പ് പൊട്ടി കുടിവെള്ള വിതരണം വീണ്ടും നിലച്ചു. അറ്റകുറ്റപ്പണിക്ക് ഒന്നാം തീയതി നിർത്തിയ കുടിവെള്ളം അഞ്ചിനാണ് പുനഃസ്ഥാപിച്ചത്. ആറിന് പൈപ്പ് പൊട്ടിയതിനെ തുടർന്ന് കുടിവെള്ളം വീണ്ടും നിലച്ചിരിക്കുകയാണ്.കെൽട്രോൺ കവലയിൽ ചൊവ്വാഴ്ച രാവിലെയാണ് പൈപ്പ് പൊട്ടിയത്. ദിവസങ്ങളായി ജലവിതരണം മുടങ്ങുന്നതിനാൽ കുടിവെള്ളം കുറച്ച് നഷ്ടപ്പെട്ടാലും മുഴുവനായി പമ്പിങ് നിർത്തിവെക്കാൻ അധികൃതർ തയാറായില്ല. കുടിവെള്ള ചോർച്ചക്കൊപ്പം തന്നെ പമ്പിങ് തുടർന്നുകൊണ്ടിരുന്നു. ദേശീയപാതയോരത്ത് കുടിവെള്ളം ഏറെ നഷ്ടപ്പെട്ടെങ്കിലും അരൂർ ജപ്പാൻ കുടിവെള്ള വാട്ടർ ടാങ്കിൽ കുറെയെങ്കിലും നിറക്കാൻ അധികൃതർക്ക് കഴിഞ്ഞു.പുതിയ പൈപ്പ് പൊട്ടിയതിനെക്കുറിച്ച് അന്വേഷണം നടത്തണമെന്ന് ആവശ്യം ഉയർന്നിട്ടുണ്ട്. അറ്റകുറ്റപ്പണിക്ക് രണ്ടുദിവസമെങ്കിലും വേണ്ടിവരുമെന്ന് അധികൃതർ പറഞ്ഞു.




# ചെറുമത്സ്യബന്ധനം; ഒരു ബോട്ടുകൂടി പിടികൂടി 3.22 ലക്ഷം പിഴയിട്ടു

**വൈപ്പിൻ:** ചെറുമത്സ്യബന്ധനത്തിന് എതിരെ ഫിഷറീസ് വകുപ്പ് നടപടി തുടരുന്നു. ചെറുമത്സ്യബന്ധനം നടത്തിയ ഒരു ബോട്ടുകൂടി പിടികൂടി.മുനമ്പം കേന്ദ്രീകരിച്ച് മത്സ്യബന്ധനം നടത്തുന്ന മണിമുത്ത് എന്ന ബോട്ടാണ് ചെറുമത്സ്യങ്ങൾ സഹിതം പിടിയിലായത്. ചെറിയ മത്സ്യങ്ങൾ ശ്രദ്ധയിൽപെടാതിരിക്കുന്നതിന് വലിയ മത്സ്യങ്ങൾ മുകളിൽ നിരത്തിയാണ് സ്റ്റോറേജിൽ സൂക്ഷിച്ചിരുന്നത്.ചെറുമീൻ മത്സ്യബന്ധനം നടത്തുന്നത് തടയാൻ ഫിഷറീസ് വകുപ്പ് ഹാർബറുകളിൽ പരിശോധന കർശനമാക്കിയതോടെ ഹാർബറിൽ ഇറക്കാതെ ഐസ് പ്ലാൻറുകളിൽ ചെറുമത്സ്യം ഇറക്കാൻ തുടങ്ങിയിരുന്നു. ഇത് ശ്രദ്ധയിൽ പെട്ടതിനെ തുടർന്ന് ഫിഷറീസ് വകുപ്പ്-മറൈൻ എൻഫോഴ്സ്മെൻറ് മുനമ്പം മേഖലയിലെ ഐസ് പ്ലാൻറുകൾ കേന്ദ്രീകരിച്ച് പരിശോധന കർശനമാക്കുകയായിരുന്നു. 2.5 ലക്ഷം രൂപ പിഴയും 72,195 രൂപ മത്സ്യലേലം ചെയ്ത തുകയും അടക്കം 3,22,195 രൂപ അടപ്പിച്ചു. പിടിച്ചെടുത്ത ചെറുമത്സ്യം കടലിൽ നിക്ഷേപിച്ചു.സർക്കാർ ഉത്തരവ് പ്രകാരം വേണ്ട മിനിമം ലീഗൽ സൈസ് ഇല്ലാത്ത 6000 കിലോ ചെറുമീനുകളാണ് ബോട്ടിൽനിന്ന് കണ്ടെടുത്തത്.വൈപ്പിൻ ഫിഷറീസ് അസി. ഡയറക്ടർ പി. അനീഷ്, ഫിഷറീസ് ഓഫിസർ തസ്നീം തുടങ്ങിയവർ അടങ്ങുന്ന സംഘമാണ് ബോട്ട് കസ്റ്റഡിയിൽ എടുത്തത്.




# വ്യാജ വിസ റാക്കറ്റ്: വിപുലമായ അന്വേഷണത്തിന് പൊലീസ്

**നെടുമ്പാശ്ശേരി:** വ്യാജ വിസ നൽകി മനുഷ്യക്കടത്ത് നടത്തുന്ന സംഘത്തിൽ കൂടുതൽ പേരുണ്ടെന്ന് റൂറൽ ജില്ല ക്രൈംബ്രാഞ്ച് കണ്ടെത്തി. കഴിഞ്ഞ ദിവസം ഈ റാക്കറ്റുമായി ബന്ധപ്പെട്ട രണ്ടു പേരെ പിടികൂടിയിരുന്നു. ഇവരെ ചോദ്യം ചെയ്തപ്പോഴാണ് കൂടുതൽ പേരെക്കുറിച്ച് വിവരം ലഭിച്ചത്.പാർട്ട് ടൈം ജോലിയും ബാക്കി സമയം വിവിധ കോഴ്സുകളിൽ പരിശീലനവും എന്ന് വിശ്വസിപ്പിച്ചാണ് പലരെയും കടത്തുന്നത്. ഇരകളെ കണ്ടെത്താൻ ഏജൻറുമാരുമുണ്ട്. എമിഗ്രേഷനുമായി ബന്ധമുള്ള ആരെങ്കിലും ഇവർക്ക് ഒത്താശ ചെയ്യുന്നുണ്ടോയെന്നതും അന്വേഷിക്കും.ഇരകളെ കണ്ടെത്താൻ ഇവർ സമൂഹമാധ്യമങ്ങളിൽ സ്ത്രീകളുടെ പേജിൽ വ്യാജ അക്കൗണ്ടുണ്ടാക്കി പരസ്യങ്ങളും നൽകുന്നുണ്ട്. വിമാന ടിക്കറ്റിനും പ്രാരംഭ നടപടികൾക്കുമെന്ന പേരിൽ നിശ്ചിത തുക വാങ്ങി ബാക്കി തുക വിദേശത്ത് ജോലിയിൽ പ്രവേശിച്ച ശേഷം മതിയെന്നാണ് പറയുക. ഇവർ പിടിയിലായ വാർത്ത വന്നതോടെ കൂടുതൽ പേർ പരാതിയുമായി മുന്നോട്ടുവരുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ കേസ് രജിസ്റ്റർ ചെയ്യാനാണ് തീരുമാനം.




# ക്രിസ്മസ്-പുതുവത്സര ആഘോഷം എക്സൈസ് പരിശോധന ശക്തമാക്കി

**പത്തനംതിട്ട:** ക്രിസ്മസ്-പുതുവത്സര ആഘോഷങ്ങളോട് അനുബന്ധിച്ച് മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉൽപാദനവും, വിപണനവും കൂടാനുള്ള സാധ്യത കണക്കിലെടുത്ത് ജില്ലയിൽ എക്സൈസ് വകുപ്പ് വിപുലമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയതായി ഡെപ്യൂട്ടി എക്സൈസ് കമീഷണർ വി.എ. പ്രദീപ് അറിയിച്ചു. ജനുവരി മൂന്നുവരെ ജാഗ്രതാ ദിനങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. ഡെപ്യൂട്ടി എക്സൈസ് കമീഷണറുടെ ഓഫിസ് കേന്ദ്രീകരിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന എക്സൈസ് കൺട്രോൾ റൂം പ്രവർത്തിച്ചുവരുന്നു.ജില്ലയിലെ മൂന്ന് ഓഫിസുകൾ കേന്ദ്രമാക്കി മൂന്ന് സ്ട്രൈക്കിങ് ഫോഴ്സ് പ്രത്യേകമായി രൂപവത്കരിച്ചു.സംശയാസ്പദ സാഹചര്യങ്ങളിൽ അടിയന്തരമായി ഇടപെടുന്നതിന് ഡെപ്യൂട്ടി എക്സൈസ് കമീഷണറുടെ പ്രത്യേക ഇൻറലിജൻസ് ടീമിനെയും സജ്ജമാക്കിയിട്ടുണ്ട്. മദ്യം, മയക്കുമരുന്ന് എന്നിവയുടെ വിപണനം നിരീക്ഷിക്കുന്നതിനും, റിപ്പോർട്ട് ചെയ്യുന്നതിനുമായി ഷാഡോ എക്സൈസ് ടീമിനെ നിയോഗിച്ചിട്ടുണ്ട്.മദ്യ ഉൽപാദന വിപണനകേന്ദ്രങ്ങളിലും, വനപ്രദേശങ്ങളിലും പൊലീസ്, ഫോറസ്റ്റ്, റവന്യൂ എന്നീ വകുപ്പുകളുമായി സഹകരിച്ച് സംയുക്ത റെയ്ഡുകളും ആരംഭിച്ചു. വിവരങ്ങൾ ജില്ല കൺട്രോൾ റൂമിലെ 04682222873 എന്ന നമ്പറിൽ അറിയിക്കണം.



# സംസ്ഥാന കായികമേളയിലും മലപ്പുറം ജില്ലയുടെ വിജയക്കുതിപ്പ്

**മലപ്പുറം:** സംസ്ഥാന സ്കൂൾ കായികമേളയിലും മലപ്പുറത്തിൻറെ കുതിപ്പ്. ചരിത്രനേട്ടമാണ് ജില്ല സ്വന്തമാക്കിയത്. പതിറ്റാണ്ടുകൾ നീണ്ട കായികമേളയുടെ ചരിത്രത്തിലാദ്യമായി രണ്ടാം സ്ഥാനത്തെത്തിയ ജില്ല ഓവറോൾ സ്കൂൾ ചാമ്പ്യൻപട്ടവും സ്വന്തമാക്കി. കടകശ്ശേരി ഐഡിയൽ ഇ.എച്ച്.എസ്.എസാണ് മേളയിലെ ഓവറോൾ ജേതാക്കൾ. ഈ സ്ഥാനം കുത്തകയാക്കി വെച്ചിരുന്ന നിരവധി സ്കൂളുകളെ തകർത്താണ് ഐഡിയൽ പുതിയ നേട്ടത്തിന് ഉടമയായത്. കൂടാതെ, മികച്ച സ്കൂളുകളിൽ ആദ്യപത്തിൽ ജില്ലയിൽ നിന്ന് രണ്ട് സ്കൂളുകൾ ഇടം പിടിച്ചു. ആലത്തിയൂർ കെ.എച്ച്.എം.എച്ച്.എസ്.എസ് എട്ടാം സ്ഥാനത്താണുള്ളത്.13 സ്വർണവും 17 വെള്ളിയും 14 വെങ്കലവും ഉൾപ്പെടെ 149 പോയൻറാണ് മലപ്പുറത്തിന്. കരുത്തരായ കോഴിക്കോട്, കോട്ടയം, എറണാകുളം എന്നിവരെ പിറകിലാക്കിയാണ് മികച്ച നേട്ടം സ്വന്തമാക്കിയത്. മണ്ണാർക്കാട് കല്ലടി സ്കൂൾ, പുല്ലൂരാംപാറ സെൻറ് ജോസഫ്സ് സ്കൂൾ, കോതമംഗലം മാർബേസിൽ തുടങ്ങിയ വമ്പന്മാരെ മറികടന്നാണ് ഐഡിയൽ ഒന്നാമതെത്തിയത്. 149ൽ 66 പോയൻറും സ്കൂളുകളിൽ ഓവറോൾ ജേതാക്കളായ ഐഡിയലിനാണ് കിട്ടിയിരിക്കുന്നത്. ഏഴ് സ്വർണവും ഒമ്പത് വെള്ളിയും നാല് വെങ്കലുമാണ് ഐഡിയലിന് ലഭിച്ചിരിക്കുന്നത്. സീനിയർ പെൺകുട്ടികളുടെ ജാവലിൻ ത്രോയിൽ ഐഡിയലിൻറെ ഐശ്വര്യ സുരേഷ് റെക്കോഡിനും ഉടമയായി. ആലത്തിയൂർ മൂന്ന് സ്വർണവും ഒരു വെള്ളിയും നാല് വെങ്കലവും ഉൾപ്പെടെ 22 പോയൻറുമായാണ് എട്ടാം സ്ഥാനത്തെത്തിയത്. ഇവർക്കൊപ്പം കാവനൂർ സ്പോർട്സ് അക്കാദമിയുടെ വിദ്യാർഥികളും നേട്ടം കൊയ്തു. ഇവർക്ക് ആറ് മെഡലുകളാണ് ലഭിച്ചത്. ഐഡിയൽ കായിക വിഭാഗം മേധാവി ഷാഫി അമ്മായത്ത്, മുഖ്യപരിശീലകൻ മഞ്ചേരി കാരക്കുന്ന് സ്വദേശി നദീഷ് ചാക്കോ, ആലത്തിയൂർ സ്കൂൾ പരിശീലകൻ റിയാസ്, കായികാധ്യാപകൻ സാജിർ ആലത്തിയൂർ, കാവനൂർ സ്പോർട്സ് അക്കാദമിയിലെ കായികാധ്യാപകരായ കെ.പി. സഫ്നാദ്, മുഹമ്മദ് ഇസ്മായിൽ, അഹമ്മദ് നിഷാദ് എന്നിവരുടെ പരിശ്രമമാണ് ഈ കുട്ടികളുടെ വിജയത്തിന് പിന്നിൽ.

# വീട്ടിൽ നിർത്തിയിട്ട കാറിനും ടോൾ!




**തൃശൂർ:** വാഹനം വീട്ടിൽ, പക്ഷേ ടോൾ പ്ലാസ കടന്നുപോയതിന് അക്കൗണ്ടിൽനിന്ന് പിടിച്ചത് 1860 രൂപ. തൃശൂർ സ്വദേശി സൈജോ വടക്കൻറെ അക്കൗണ്ടിൽനിന്നാണ് പന്നിയങ്കര ടോൾ പ്ലാസയിലൂടെ തൻറെ കാർ കടന്നുപോയതായി കാണിച്ച് അക്കൗണ്ടിൽനിന്ന് തുടർച്ചയായി പണം പിടിച്ചത്.ചൊവ്വാഴ്ച രാവിലെ പത്തരയോടെ പന്നിയങ്കര ടോൾ പ്ലാസയിലൂടെ വാഹനം കടന്നുപോയതായി കാണിച്ചാണ് തുക പിടിച്ചത്. 310 രൂപയാണ് ഈടാക്കിയത്. ഈ സമയത്ത് കാറും സൈജോയും വീട്ടിലുള്ളതായി വീട്ടിലെ സി.സി ടി.വി കാമറ ദൃശ്യങ്ങൾ തെളിവാണ്. ആറാമത്തെ തവണയാണ് ഇല്ലാത്ത യാത്രയുടെപേരിൽ അക്കൗണ്ടിൽനിന്ന് ടോളിൽ പണം പിടിക്കുന്നതെന്ന് സൈജോ പറഞ്ഞു.കഴിഞ്ഞ മാസം 27ന് പാലക്കാട് പോയിരുന്നു. ഈ സമയത്തെ യാത്രയിലും ടോളിൽ പണം പിടിച്ചത് 310 രൂപയായിരുന്നു. പിന്നീട് കടന്നുപോയിട്ടില്ല. എന്നാൽ ഇതിനകം നിരവധി തവണ അക്കൗണ്ടിൽനിന്ന് പണം ചോർത്തി. പാലക്കാട് ദേശീയപാത അതോറിറ്റിയുടെയും ടോൾ കമ്പനിയുടെയും ഓഫിസിൽ തെളിവുകളടക്കം പരാതിപ്പെട്ടു. പണം റീഫണ്ട് ചെയ്യുമെന്ന് അറിയിച്ചെങ്കിലും ഉണ്ടായിട്ടില്ല.പകരം വീണ്ടും പണം പിടിക്കുകയാണ്. ബസുകളുടെ ടോൾ നിരക്കാണ് 310 രൂപ. കാർ, ജീപ്പ് അടക്കമുള്ള ലൈറ്റ് മോട്ടോർ വാഹനങ്ങൾക്ക് 105 രൂപയും ഇരുഭാഗത്തേക്കും കടന്നുപോകുന്നതിന് 155 രൂപയുമാണ് നിരക്കെന്നിരിക്കെയാണ് ഒറ്റ യാത്രയുടെ പേരിൽ അക്കൗണ്ടിൽനിന്ന് 310 രൂപ വീതം ചോർത്തിയത്.



# ആശുപത്രിയുടെ അക്കൗണ്ടിൽനിന്ന് 10.83 ലക്ഷം തട്ടിയെടുത്തു

**സുൽത്താൻ ബത്തേരി:** സ്വകാര്യ ആശുപത്രിയുടെ ബാങ്ക് അക്കൗണ്ടുകളിൽനിന്ന് 10.83 ലക്ഷം രൂപ തട്ടിയെടുത്തു. സുൽത്താൻ ബത്തേരി അസംപ്ഷൻ ആശുപത്രിയുടെ കാത്തലിക് സിറിയൻ ബാങ്കിലുള്ള രണ്ട് അക്കൗണ്ടുകളിൽനിന്നാണ് പണം നഷ്ടമായത്. കഴിഞ്ഞ ദിവസമാണ് സംഭവം. ഒരു അക്കൗണ്ടിൽനിന്ന് ഒരുപ്രാവശ്യം അഞ്ചുലക്ഷവും പിന്നീട് 1,83,000 രൂപയും രണ്ടാമത്തെ അക്കൗണ്ടിൽനിന്ന് നാലുലക്ഷം രൂപയുമാണ് തട്ടിയത്.ആശുപത്രിയിൽ സേവനം ചെയ്തിരുന്ന സിസ്റ്ററുടെ ഫോൺ നമ്പറിലൂടെയാണ് അക്കൗണ്ട് ഓപറേറ്റ് ചെയ്തിരുന്നത്. ഇവർ സ്ഥലംമാറിപ്പോയ ആശുപത്രിയിൽ സേവനം ചെയ്യുന്ന മറ്റൊരു സിസ്റ്ററാണ് അക്കൗണ്ട് കൈകാര്യം ചെയ്തിരുന്നത്. എറണാകുളത്തുനിന്ന് ബി.എസ്.എൻ.എല്ലിന്റെ ഡ്യൂപ്ലിക്കേറ്റ് സിം കാർഡ് എടുത്താണ് തട്ടിപ്പ് നടത്തിയത്. സിം കാർഡ് എടുക്കുന്നതിന് വ്യാജ ആധാർ കാർഡും ഉണ്ടാക്കി. സിസ്റ്ററുടെ ഫോട്ടോക്കുപകരം മറ്റൊരു സിസ്റ്ററുടെ പടവും വ്യാജ ഒപ്പും ഇട്ടാണ് തട്ടിപ്പുകാർ സിം കാർഡ് കരസ്ഥമാക്കിയത്. ബാങ്കിൽനിന്ന് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് എടുത്തപ്പോഴാണ് പണം നഷ്ടമായത് ആശുപത്രി അധികൃതർ അറിയുന്നത്. കൊൽക്കത്തയിലെ യൂനിയൻ ബാങ്ക് ശാഖയിൽ എം.ടി. ഷാരൂഖ് എന്നയാളുടെ അക്കൗണ്ടിലേക്കാണ് പണം പോയതെന്നാണ് പ്രാഥമികാന്വേഷണത്തിൽ കണ്ടെത്തിയത്.ഈ അക്കൗണ്ടിൽനിന്ന് പല അക്കൗണ്ടുകളിലേക്കും പണം മാറി. ആശുപത്രി അധികൃതർ ബത്തേരി പൊലീസിലും സൈബർ സെല്ലിലും പരാതി നൽകിയിട്ടുണ്ട്. സംഭവത്തിൽ പൊലീസ് അന്വേഷണം ആരംഭിച്ചു.

സെക്യൂരിറ്റി ജോലി ആവശ്യം ഉള്ളവരും.
സെക്യൂരിറ്റികളെ ആവശ്യം ഉള്ളവരും
ബന്ധപെടുക

**പരബ്രഹ്മ് സെക്യൂരിറ്റി സർവീസ്**

ആലപ്പുഴ , ഹരിപ്പാട്, മാവേലിക്കര, കായംകുളം എന്നിവിടങ്ങളിൽ ഞങ്ങളുടെ സേവനം ലഭ്യമാണ്

ഹോം നഴ്സിംഗ് , ഹൗസ് കീപ്പിംഗ് , ക്ലീനിംഗ് ജോലിക്കാരെയും നൽകും

**വിളിക്കുക**

9995711426
9497152942

ഹോം നഴ്സിംഗ് , രോഗി പരിചരണം എന്നിവ ഉത്തരവാദിത്തത്തോട് കൂടി ചെയ്ത് കൊടുക്കുന്നു ഹോംനഴ്സ് ജോലിക്ക് ആളെ ആവശ്യം ഉള്ളവരും, ഹോംനഴ്സ് ജോലി ആവശ്യം ഉള്ളവരും. ബന്ധപെടുക.
Kayamkulam, Mavelikara, Harippad ഉള്ളവർക്കു മുൻഗണന.





special-news



## പ്രസവത്തെത്തുടർന്ന് കുഞ്ഞും പിന്നാലെ അമ്മയും മരിച്ചു, ചികിത്സാ പിഴവെന്ന് ബന്ധുക്കളുടെ ആരോപണം

ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രസവത്തെത്തുടർന്ന് അമ്മയും കുഞ്ഞും മരിച്ചത് ചികിത്സാ പിഴവെന്ന് ആരോപിച്ച് ബഹളം.കൈനകരി കുട്ടമംഗലം കായിത്തറ ശ്യാംജിത്തിന്റെ ഭാര്യ അപർണ (21)യും പെൺകുഞ്ഞുമാണ് മരിച്ചത്. കുട്ടിയുടെ മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി മോർച്ചറിയിലേക്കു മാറ്റി. ഡോക്ടർമാർക്കും ജീവനക്കാർക്കുമെതിരെ ബന്ധുക്കൾ പൊലീസിൽ പരാതി നൽകിയിട്ടുണ്ട്.തിങ്കളാഴ്ചയാണ് അപർണയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ചൊവ്വാഴ്ച വൈകിട്ടായിരുന്നു വേദനയെത്തുടർന്ന് യുവതിയെ ലേബർ റൂമിൽ പ്രവേശിപ്പിച്ചത്. പ്രസവസമയത്ത് ഡോക്ടർ ഉണ്ടായിരുന്നില്ലെന്നും പഠിക്കുന്ന വിദ്യാർത്ഥികളാണ് ഓപ്പറേഷൻ നടത്തിയതെന്നും ബന്ധുക്കൾ ആരോപിക്കുന്നു. അനസ്തേഷ്യ കൂടിപ്പോയതാണ് മരണകാരണമെന്ന് ആശുപത്രി അധികൃതർ അറിയിച്ചതായാണ് ബന്ധുക്കൾ പറയുന്നത്.കുഞ്ഞ് ഇന്നലെ രാത്രിയും അപർണ ഇന്ന് പുലർച്ചെയുമാണ് മരിച്ചത്. കുഞ്ഞ് മരിച്ചതിന് പിന്നാലെ ബന്ധുക്കൾ പ്രതിഷേധവുമായി രംഗത്തെത്തിയിരുന്നു. പിന്നീട് അമ്പലപ്പുഴ പൊലീസെത്തിയാണ് സംഘർഷം ഒഴിവാക്കിയത്. കുഞ്ഞിന്റെ മരണം അന്വേഷിക്കാൻ വിദഗ്ധസമിതിയെ ആശുപത്രി സൂപ്രണ്ട് ഡോ. എ അബ്ദുൾസലാം ചുമതലപ്പെടുത്തിയിരുന്നു. ഡോക്ടർമാരുടെ അനാസ്ഥയാണ് സംഭവത്തിനു പിന്നിലെന്നാണ് ബന്ധുക്കളുടെ ആരോപണം. അമ്പലപ്പുഴ പൊലീസ് അപർണയുടെ ബന്ധുക്കളുടെ മൊഴി രേഖപ്പെടുത്തി. ഇതിന് പിന്നാലെയാണ് ഇന്നു പുലർച്ചെ അമ്മയുടെ മരണവും.ഫോറൻസിക് വിഭാഗം മേധാവി ഡോ. ഷാരിജയുടെ നേതൃത്വത്തിലുള്ള സമിതിയാണ് കുഞ്ഞിന്റെ മരണത്തിൽ അന്വേഷണം നടത്തുന്നത്. പീഡിയാട്രിക് വിഭാഗം മേധാവി ഡോ. ജയറാം ശങ്കർ, കാർഡിയോളജി വിഭാഗം മേധാവി ഡോ. വിനയകുമാർ, സർജറിവിഭാഗം മേധാവി ഡോ. എൻ ആർ സജികുമാർ, നഴ്സിങ് ഓഫീസർ എന്നിവരാണ് സമിതിയിലുള്ളത്. രണ്ടുദിവസത്തിനകം അന്വേഷണറിപ്പോർട്ട് സമർപ്പിക്കാനാണ് സൂപ്രണ്ട് നിർദേശിച്ചിരിക്കുന്നത്.മന്ത്രി വീണാ ജോർജ് അന്വേഷണത്തിന് ഉത്തരവിട്ടുആലപ്പുഴ മെഡിക്കൽ കോളേജിൽ പ്രസവത്തെ തുടർന്ന് കുഞ്ഞും അമ്മയും മരിച്ച സംഭവത്തിൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അന്വേഷണത്തിന് ഉത്തരവിട്ടു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറോട് വിദഗ്ധ സമിതി രൂപീകരിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ മന്ത്രി നിർദേശം നൽകി.



## പതിനാറുകാരിയെ പീഡനത്തിനിരയാക്കിയ സംഭവം; ഡിവൈഎഫ്ഐ നേതാവും പ്രായപൂർത്തിയാകാത്ത പ്ലസ്ടു വിദ്യാർത്ഥിയും ഉൾപ്പെടെ എട്ട് പേർ പിടിയിൽ

**തിരുവനന്തപുരം:** പതിനാറുകാരിയെ പീഡനത്തിനിരയാക്കിയ കേസിൽ ഡിവൈഎഫ്ഐ പ്രാദേശിക നേതാവ് ഉൾപ്പെടെ എട്ട് പേർ അറസ്റ്റിൽ.പ്രായപൂർത്തിയാകാത്ത പ്ലസ് ടു വിദ്യാർത്ഥിയും അറസ്റ്റിലായവരിൽ ഉൾപ്പെടുന്നു.സാമൂഹിക മാദ്ധ്യമങ്ങളിലൂടെ പരിചയപ്പെട്ട പെൺകുട്ടിയെ പീഡനത്തിനിരയാക്കിയ കേസിലാണ് അറസ്റ്റ്.ഡിവൈഎഫ്ഐ വിളവൂർക്കൽ മേഖലാ കമ്മിറ്റി പ്രസിഡന്റ് ജിനേഷ്, തൃശൂർ കുന്ദംകുളം സ്വദേശി സുമേജ്, അരുൺ, സിബി, ബ്യൂട്ടി പാർലർ നടത്തുന്ന വിഷ്ണു, അഭിജിത്, അച്ചു അനന്തു എന്നിവരെയാണ് മലയിൻകീഴ് പോലീസ് അറസ്റ്റ് ചെയ്തത്. അറസ്റ്റിലായ പ്ലസ് ടു വിദ്യാർത്ഥിയെ ജുവൈനൽ കോടതിയിൽ ഹാജരാക്കി. കുന്ദംകുളം സ്വദേശി സുമേജ് ഒഴികെയുള്ള പ്രതികളെല്ലാം പെൺകുട്ടിയെ ലൈംഗികപീഡനത്തിനിരയാക്കുകയും ദൃശ്യങ്ങൾ പകർത്തിയതായും പോലീസ് പറഞ്ഞു.പെൺകുട്ടിയെ കാണാനില്ലെന്ന അമ്മയുടെ പരാതിയെ തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് പീഡനവിവരം പുറംലോകമറിയുന്നത്. വീട്ടിൽ നിന്ന് പുറപ്പെട്ട പെൺകുട്ടിയെ ഫോണിൽ വിളിച്ചിട്ട് കിട്ടാത്തതിനെ തുടർന്ന് ഡിസംബർ രണ്ടിനാണ് പോലീസിൽ പരാതിപ്പെടുന്നത്. തുടർന്ന് പോലീസ് സൈബർ സെല്ലിന്റെ സഹായത്തോടെ നടത്തിയ അന്വേഷണത്തിൽ കുട്ടിയെ തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിൽ കണ്ടെത്തി. ആറു ദിവസം മുൻപ് ഇൻസ്റ്റഗ്രാം വഴി പരിചയപ്പെട്ട സുമേജിനെ കാണാനെത്തിയതായിരുന്നു പെൺകുട്ടി. കാറ്ററിംഗ് തൊഴിലാളിയായ ഇയാൾക്കൊപ്പം നാടുവിടാനുള്ള തീരുമാനത്തിലായിരുന്നു പെൺകുട്ടി. പോലീസെത്തുമ്പോൾ ഇരുവരും കണ്ടുമുട്ടിയിരുന്നില്ല.തുടർന്ന് പോലീസ് ഇയാളെ കസ്റ്റഡിയിലെടുത്തു. പെൺകുട്ടിയുടെ ചിത്രം കൈമാറിയതിനാണ് അറസ്റ്റ്. പെൺകുട്ടിയെ വൈദ്യ പരിശോധനയ്ക്ക് വിധേയമാക്കിയപ്പോഴാണ് കഴിഞ്ഞ രണ്ട് വർഷമായി നിരവധി തവണ പീഡനത്തിനിരയായതായി കുട്ടി വെളിപ്പെടുത്തിയത്. സ്വന്തം വീട്ടിൽ തന്നെയാണ് പീഡനങ്ങൾ നടന്നത്. ആദ്യം പരിചയപ്പെട്ട ആളിൽ നിന്ന് ഫോൺ നമ്പർ കൈക്കലാക്കിയാണ് മറ്റുള്ളവർ പെൺകുട്ടിയുമായി അടുക്കുന്നത്. ചിത്രങ്ങളും വീഡിയോകളും ഉപയോഗിച്ച് ചൂഷണം ചെയ്താണ് പെൺകുട്ടിയെ പീഡനത്തിനിരയാക്കിയത്.




## കാസർകോട്ടെ കാണാതായ യുവതി പോയത് പാട്ട് ആപ് വഴി പരിചയപ്പെട്ട യുവാവിനൊപ്പം; ഇരുവരും പൊലീസിൽ ഹാജരായി

**കാഞ്ഞങ്ങാട്:** സമൂഹ മാധ്യമത്തിൽ പാട്ടുപാടുന്ന ആപ് വഴി പരിചയപ്പെട്ട യുവാവിനൊപ്പം ഭർതൃമതി കോടതിയുടെ പടിയിറങ്ങി.പള്ളിക്കര സ്വദേശിനിയായ പ്രവാസിയുടെ ഭാര്യയാണ് വയനാട് സ്വദേശിയായ ഫിറോസിനൊപ്പം പോയത്. ഭർതൃവീട്ടിൽനിന്ന് കഴിഞ്ഞയാഴ്ചയാണ് 25കാരിയെ ഏഴും മൂന്നും വയസ്സുള്ള രണ്ട് മക്കൾക്കൊപ്പം കാണാതായത്.യുവതിയുടെ ഭർത്താവ് ഗൾഫിലായിരുന്നു. ബന്ധുക്കളുടെ പരാതിയിൽ ബേക്കൽ പൊലീസ് കേസെടുത്ത് നടത്തിയ അന്വേഷണത്തിൽ യുവതിയും മക്കളും വയനാട്ടിൽ ഫിറോസിനൊപ്പമുള്ളതായി മനസ്സിലായി. പൊലീസ് ആവശ്യപ്പെട്ട പ്രകാരം കുട്ടികൾക്കൊപ്പം ഇരുവരും കഴിഞ്ഞ ദിവസം വൈകീട്ട് ബേക്കൽ പൊലീസിൽ ഹാജരായി.പുലർച്ച വയനാട്ടിൽനിന്ന് കാറുമായി വന്ന് ഫിറോസ് യുവതിയെയും മക്കളെയും കൂട്ടി സ്ഥലം വിടുകയായിരുന്നു. രണ്ടു മാസം മുമ്പാണ് ഇരുവരും പാട്ടുപാടുന്ന ആപ് വഴി പരിചയപ്പെട്ടത്. അഞ്ച് വയസും നാലു മാസവും പ്രായമുള്ള കുട്ടികളും ഭാര്യയും ഫിറോസിനുണ്ട്.ഇവർ വയനാട്ടിൽ വാടക ക്വാർട്ടേഴ്സിലാണ് താമസം. വിവരമറിഞ്ഞ് യുവതിയുടെ ഭർത്താവ് വിദേശത്തുനിന്ന് നാട്ടിലെത്തി ബേക്കൽ സ്റ്റേഷനിലെത്തിയിരുന്നു. യുവതിയുടെ ബന്ധുക്കളും സ്റ്റേഷനിലെത്തി. കാസർകോട് കോടതിയിൽ ഹാജരാക്കിയ യുവതി കോടതിയിൽ നിന്നും ഫിറോസിനൊപ്പം പോയി. രണ്ടു മക്കളെ പിതാവിനൊപ്പം വിട്ടു.




## കൈക്കൂലിക്കാരൻ എത്തുന്നിടത്ത് വീഡിയോ റെക്കോർഡർ സ്ഥാപിച്ച് വിജിലൻസ്,ബലോണി ചാക്കോ കുടുങ്ങി

**പത്തനംതിട്ട:** പശുക്കളെ ഇൻഷുർ ചെയ്യുന്നതിന്റെ ഭാഗമായി പരിശോധനയ്ക്ക് എത്തി ഫാം ഉടമയോട് കൈക്കൂലി ചോദിച്ച പെരുനാട് മൃഗാശുപത്രിയിലെ ഡോക്ടർ ഇരവിപേരൂർ സ്വദേശി ബലോണി ചാക്കോയെ വിജിലൻസ് അറസ്റ്റ് ചെയ്തു.ഇന്നലെ ഉച്ചയ്ക്ക് ഒരു മണിയോടെ പെരുനാട് മുക്കത്ത് താഴേമുക്കത്ത് വീട്ടിൽ ഗീതയുടെ പശു ഫാമിലെത്തിയ ഡോക്ടർ ഇൻഷുറൻസ് കമ്പനിക്ക് റിപ്പോർട്ട് തയ്യാറാക്കുന്നതിന് 2500 രൂപ ചോദിച്ചു. സ്ഥലത്തുണ്ടായിരുന്ന വിജിലൻസ് സംഘം ഡോക്ടറെ കൈക്കൂലി വാങ്ങുന്നതിനിടെ കയ്യോടെ പിടികൂടുകയായിരുന്നു. വിജിലൻസ് കൈമാറിയ നോട്ടുകളാണ് ഫാം ഉടമ ഡോക്ടർക്ക് നൽകിയത്.തെളിവ് ശേഖരണത്തിനായി ഗീതയുടെ വീട്ടിൽ വിജിലൻസ് വീഡിയോ റെക്കോർഡർ സ്ഥാപിച്ചിരുന്നു. കഴിഞ്ഞ ഒക്ടോബർ 21 ന് ഫാമിലെ പശു ചത്തപ്പോൾ പോസ്റ്റു മോർട്ടത്തിന് എത്തിയ ഡോക്ടർ 2500 രൂപ കൈക്കൂലി ചോദിച്ചു വാങ്ങിയിരുന്നു. ഇൻഷുർ റിപ്പോർട്ട് തയ്യാറാക്കുന്നതിനും കൈക്കൂലി ചോദിക്കുമെന്ന് കരുതി ഫാം ഉടമ വിജിലൻസിനെ അറിയിച്ചിരുന്നു. ഡിവൈ.എസ്.പി ഹരി വിദ്യാധരന്റെ നേതൃത്വത്തിലുള്ള സംഘമാണ് ഡോക്ടറെ പിടികൂടിയത്.




## പല തവണ ക്ഷണിച്ചിട്ടും വിമാനകമ്പനികൾ കണ്ണൂരിലേക്ക് താത്പര്യം കാട്ടുന്നില്ല, തുടക്കത്തിലെ തിളക്കം മങ്ങി കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം

**മട്ടന്നൂർ:** പ്രതീക്ഷയുണർത്തിയ തുടക്കമായിരുന്നു കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റേത്. അഞ്ച് വർഷം പിന്നിടുമ്പോൾ സർവീസുകളുടെ കുറവും ഉയർന്ന ടിക്കറ്റ് നിരക്കും യാത്രികരെ പിന്നോട്ടടിപ്പിക്കുന്ന സ്ഥിതിയാണുള്ളത്.ആദ്യഘട്ടത്തിൽ നിന്ന് സർവീസുകൾ വർദ്ധിച്ചിട്ടുണ്ടെങ്കിലും പുതിയ കമ്പനികളൊന്നും ഇവിടേക്ക് എത്തിയിട്ടില്ല.മിഡിൽ ഈസ്റ്റ്, യൂറോപ്യൻ രാജ്യങ്ങൾ തുടങ്ങി കൂടുതൽ സ്ഥലങ്ങളിലേക്കും നിലവിൽ കണ്ണൂരിൽ നിന്ന് സർവീസുകൾ തുടങ്ങിയിട്ടില്ല. സംസ്ഥാനത്തെ മറ്റു വിമാനത്താവളങ്ങളിൽ നിന്ന് വ്യത്യസ്തമായി കണ്ണൂരിൽ നിന്നുള്ള യാത്രാനിരക്ക് ഏറെ വർദ്ധിച്ചതിന് പിന്നിലും സർവീസുകളുടെ കുറവ് തന്നെയാണ്. എയർഇന്ത്യ എക്സ്പ്രസ്,എയർഇന്ത്യ,ഇൻഡിഗോ, ഗോ ഫസ്റ്റ് (ഗോ എയർ) കമ്പനികൾ തന്നെയാണ് ഇപ്പോഴും കണ്ണൂരിൽ നിന്ന് സർവീസ് നടത്തിവരുന്നത്. സ്പൈസ് ജെറ്റ്, എയർ വിസ്താര തുടങ്ങിയ കമ്പനികളുമായി കിയാൽ അധികൃതർ പല തവണ ചർച്ചകൾ നടത്തിയെങ്കിലും ഫലപ്രദമായിട്ടില്ല.കഴിഞ്ഞ മാസത്തിൽ കണ്ണൂരിൽ നിന്ന് 438 അന്താരാഷ്ട്ര സർവീസുകൾ നടത്തിയപ്പോൾ കൊച്ചി വിമാനത്താവളത്തിൽ നിന്ന് നടത്തിയത് 1868 സർവീസുകളാണ്. കോഴിക്കോട്ടു നിന്ന് 1159 സർവീസുകളും തിരുവനന്തപുരത്ത് നിന്ന് 949 സർവീസുകളും നടത്തിയിട്ടുണ്ട്. കഴിഞ്ഞ മാസം കണ്ണൂരിൽ നിന്ന് 557 ആഭ്യന്തര സർവീസുകൾ നടത്തിയപ്പോൾ കൊച്ചിയിൽ സർവീസുകളുടെ എണ്ണം 2361 ആണ്. സർവീസുകളുടെ എണ്ണത്തിലെ വ്യത്യാസമാണ് ഉയർന്ന ടിക്കറ്റ് നിരക്കിന് പിന്നിലെന്ന് ഈ കണക്കുകൾ പരിശോധിച്ചാൽ വ്യക്തമാകും. എയർബബിൾ, വന്ദേഭാരത് ക്രമീകരണ പ്രകാരം നടത്തിവന്ന സർവീസുകളിൽ നിന്ന് വേനൽക്കാല ഷെഡ്യൂളിലേക്ക് മാറിയപ്പോൾ പലയിടങ്ങളിലേക്കും കണ്ണൂരിൽ നിന്ന് സർവീസുകൾ കുറഞ്ഞു.എന്നാൽ ഇൻഡിഗോയും ഗോ ഫസ്റ്റും ഇപ്പോൾ കൂടുതൽ ഗൾഫ് നാടുകളിലേക്ക് സർവീസ് പ്രഖ്യാപിച്ചിട്ടുണ്ട്. കൂടുതൽ യാത്രക്കാരുള്ള ഷാർജ, ദോഹ സെക്ടറുകളിലേക്ക് കണ്ണൂർ വിമാനത്താവളത്തിൽ നിന്ന് ഇപ്പോൾ 18000 മുതൽ 30000 രൂപ വരെ ടിക്കറ്റ് നിരക്കുണ്ട്. എന്നാൽ കോഴിക്കോട്, കൊച്ചി വിമാനത്താവളങ്ങളിലേക്ക് ഇത് 15000 വരെ മാത്രമാണ്. ദുബായിലേക്ക് മറ്റു വിമാനത്താവളങ്ങളുടെ ഇരട്ടിയോളമാണ് കണ്ണൂരിൽ നിന്നുള്ള നിരക്ക്. പുതുതായി സർവീസ് തുടങ്ങിയ ദമാമിലേക്ക് 30,000 രൂപയിലധികമാണ് ഈടാക്കുന്നത്.ഏറെ നാളത്തെ കാത്തിരിപ്പിന് ശേഷം കഴിഞ്ഞ വർഷം ഒക്ടോബറിലാണ് കണ്ണൂർ വിമാനത്താവളത്തിൽ നിന്ന് ചരക്കുനീക്കം തുടങ്ങിയത്. വിപുലമായ സൗകര്യങ്ങളോടു കൂടിയ കാർഗോ കോംപ്ലക്സും മറ്റു സൗകര്യങ്ങളുമുണ്ടെങ്കിലും സർവീസുകളുടെ എണ്ണക്കുറവ് ചരക്കുനീക്കത്തെയും ബാധിച്ചു. കഴിഞ്ഞ മാസം 370 ടൺ ചരക്കാണ് കണ്ണൂർ വിമാനത്താവളം വഴി വിദേശത്തേക്ക് കയറ്റി അയച്ചത്. ആഭ്യന്തര ചരക്കുനീക്കം ഏഴു ടൺ മാത്രവും. കൊച്ചിയിൽ നിന്ന് 4284 ടണ്ണും തിരുവനന്തപുരത്ത് നിന്ന് 1164 ടണ്ണും ചരക്ക് മാർച്ചിൽ വിദേശത്തേക്ക് കയറ്റി അയച്ചിട്ടുണ്ട്.




## സ്നേഹം നടിച്ചെത്തി ജ്യൂസ് നൽകി,ആശുപത്രിയിൽ പുത്തൻ തട്ടിപ്പുമായെത്തിയ യുവതി പിടിയിൽ

**തൃശൂർ :** തൃശൂരിലെ ആശുപത്രിയിൽ ഡോക്ടറെ കാണാനെത്തിയ വയോധികയ്ക്ക് ജ്യൂസിൽ ഉറക്ക ഗുളിക കൊടുത്ത് മയക്കിക്കിടത്തി, മാല മോഷ്ടിച്ച യുവതി അറസ്റ്റിലായി.തളിക്കുളം എസ്.എൻ.വി സ്കൂളിന് സമീപം കളരിക്കൽ ലജിതയെയാണ് (41) ഈസ്റ്റ് സി.ഐ പി.ലാൽ കുമാറും സംഘവും അറസ്റ്റ് ചെയ്തത്. ഇക്കഴിഞ്ഞ രണ്ടിനായിരുന്നു സംഭവം.തൃശൂർ ജനറൽ ആശുപത്രിയിൽ ഡോക്ടറെ കാണാനെത്തി കാത്തിരിക്കുകയായിരുന്ന 60 വയസുള്ള സ്ത്രീയോട്, അടുത്തിരുന്ന് സ്നേഹം നടിച്ച്, ഉറക്കഗുളിക ചേർത്ത ജ്യൂസ് കുടിക്കാൻ നൽകുകയായിരുന്നു. ജ്യൂസ് കുടിച്ച സ്ത്രീ ഉറക്കം തൂങ്ങാൻ തുടങ്ങിയപ്പോൾ, മടിയിൽ തലവെച്ച് ഉറങ്ങിക്കൊള്ളാൻ പറയുകയും, മാല മോഷ്ടിക്കുകയും ചെയ്തു. മോഷ്ടിച്ച മാല പിന്നീട് ഇവർ ധനകാര്യ സ്ഥാപനത്തിൽ പണയം വെച്ചു. മാല മോഷ്ടിച്ച സ്ത്രീ ഈസ്റ്റ് പൊലീസ് സ്റ്റേഷനിൽ പരാതി നൽകിയതിനെ തുടർന്ന്, കേസ് രജിസ്റ്റർ ചെയ്ത് നടത്തിയ അന്വേഷണത്തിലാണ് പ്രതി കുടുങ്ങിയത്. പ്രതിയെക്കുറിച്ചുള്ള ദൃശ്യങ്ങൾ സി.സി.ടി.വി കാമറയിൽ നിന്നും ലഭിച്ചു.നഷ്ടപ്പെട്ട മാല സ്വകാര്യ ധനകാര്യ സ്ഥാപനത്തിൽ നിന്നും പൊലീസ് കണ്ടെടുത്തു. തുടർന്ന് നടത്തിയ വിദഗ്ദ്ധ പരിശോധനയിൽ ഇത് സ്വർണാഭരണമല്ലെന്ന് തെളിഞ്ഞു. മോഷ്ടിച്ച മാല പണയം വെച്ച സ്ത്രീക്കെതിരെ വ്യാജസ്വർണം പണയം വെച്ചതിനും കേസുണ്ട്. ഈസ്റ്റ് എസ്.ഐ എസ്.ഗീതുമോൾ, എ.എസ്.ഐ എം.ജയലക്ഷ്മി, സീനിയർ സിവിൽ പൊലീസ് ഓഫീസർമാരായ കെ.സ്മിത, പി.ഹരീഷ് കുമാർ, വി.ബി ദീപക്, കാമറ കൺട്രോൾ റൂം വിഭാഗത്തിലെ ഐ.ആർ അതുൽ ശങ്കർ, പി.എം അഭിഭിലായ് എന്നിവരാണ് പ്രതിയെ പിടികൂടിയത്.

## 'ആൺകുട്ടികൾക്ക് ഇല്ലാത്ത നിയന്ത്രണം പെൺകുട്ടികൾക്ക് എന്തിന് ?' രൂക്ഷ വിമർശനവുമായി ഹൈക്കോടതി

കോഴിക്കോട് മെഡിക്കൽ കോളജ് ഹോസ്റ്റലിലെ നിയന്ത്രണം സംബന്ധിച്ച വിഷയത്തിൽ അതിരൂക്ഷ വിമർശനവുമായി ഹൈക്കോടതി.പെൺകുട്ടികൾക്ക് മാത്രം നിയന്ത്രണമെന്തിനെന്ന് ഹൈക്കോടതി ചോദിച്ചു. പ്രശ്നക്കാരായ പുരുഷൻമാരെയാണ് പൂട്ടിയിടേണ്ടതെന്നും ആൺകുട്ടികൾക്കില്ലാത്ത നിയന്ത്രണം പെൺകുട്ടികൾക്ക് എന്തിനാണെന്നും കോടതി ചോദിച്ചു.'രാത്രിയിൽ സ്ത്രീകളെ വിലക്കുന്നതെന്തിന് ? എത്രകാലം പെൺകുട്ടികളെ പൂട്ടിയിടും ? പുരുഷൻമാർക്ക് കർഫ്യൂ ഏർപ്പെടുത്തി സ്ത്രീകളെ അനുവദിച്ചുകൂടെ ?'- കോടതി ചോദിച്ചു. മാതാപിതാക്കളുടെ ആവശ്യം കണക്കിലെടുത്താണ് കോളജ് ഹോസ്റ്റലിൽ നിയന്ത്രണം ഏർപ്പെടുത്തിയതെന്ന് സർക്കാർ കോടതിയിൽ അറിയിച്ചു. എന്നാൽ നിയന്ത്രണങ്ങൾ ഇല്ലാത്ത ഹോസ്റ്റലുകൾ ഉണ്ടല്ലോയെന്ന് കോടതി ചൂണ്ടിക്കാട്ടി. അവിടെയൊന്നും കുട്ടികൾക്ക് മാതാപിതാക്കൾ ഇല്ലേയെന്നും കോടതി മറുചോദ്യം ഉന്നയിച്ചു.





## അയ്യപ്പ വിഗ്രഹത്തിന് മുന്നിലെ വിളക്കിൽ നിന്നും സിഗരറ്റ് കത്തിക്കാൻ ശ്രമിച്ചു; തടഞ്ഞതോടെ ആക്രമണം; ഗുരുസ്വാമിക്ക് ഗുരുതര പരിക്ക്

**തിരുവനന്തപുരം:** കാട്ടാക്കട പൂഴനാട്ടിൽ അയ്യപ്പത്താവളത്തിന് നേരെ ആക്രമണം. ചൊവ്വാഴ്ച രാത്രിയായിരുന്നു സംഭവം.നാലംഗ സംഘമാണ് ആക്രമണം നടത്തിയത്. 15 വർഷത്തിലേറെ പ്രവർത്തിക്കുന്ന അയ്യപ്പത്താവളത്തിന് നേരെയാണ് ആക്രമണം ഉണ്ടായത്. സംഭവത്തിൽ ഗുരുതരമായി പരിക്കേറ്റ ഗുരുസ്വാമി ശ്രീകുമാറിനെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അയ്യപ്പ വിഗ്രഹത്തിന് മുന്നിലെ നിലവിളക്കിൽ നിന്നും സിഗരറ്റ് കത്തിക്കാൻ ശ്രമിക്കുന്നത് തടഞ്ഞതാണ് ആക്രമണത്തിന് കാരണമായതെന്നാണ് സൂചന.




## ഉന്നത വിദ്യാഭ്യാസത്തിൽ നിന്നു സർക്കാർ പിന്മാറുന്നു; സംസ്ഥാനത്ത് രണ്ടു സ്വകാര്യ സർവകലാശാലകൾ വരുന്നു, രാജഗിരിയും മാർ ഇവാനിയോസും

**കൊച്ചി:** ഉന്നത വിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റങ്ങൾക്കു കളമൊരുക്കി സംസ്ഥാനത്ത് സ്വകാര്യ സർവകലാശാലകൾ വരുന്നു.എറണാകുളം രാജഗിരി, തിരുവനന്തപുരം മാർ ഇവാനിയോസ് കോളജുകൾക്കാണ് സ്വകാര്യ സർവകലാശാലാ പദവി നല്കുന്നത്. മുഖ്യമന്ത്രി തലത്തിൽ തീരുമാനമായെന്നും ഇതു സംബന്ധിച്ച ഉത്തരവ് ഉടനുണ്ടാകുമെന്നുമറിയുന്നു. യുജിസിയുടെയും സംസ്ഥാന സർക്കാരിന്റെയും സാമ്പത്തിക പിന്തുണ ഇല്ലാതാകുകയും ചെലവിനുള്ള സ്രോതസ്സ് സ്ഥാപനം സ്വയം കണ്ടെത്തുകയും വേണം. വിദ്യാർഥികളുടെ ഫീസ് കുത്തനെ വർധിപ്പിക്കുന്നതിലൂടെയാകും സ്ഥാപനങ്ങൾ ഇതു കണ്ടെത്തുക. ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിന്നു സംസ്ഥാന സർക്കാർ പിന്മാറാൻ തുടങ്ങുന്നതിന്റെ ആദ്യപടിയായാണ് സ്വകാര്യ സർവകലാശാലകൾ വരുന്നത്. സിലബസ്, അധ്യാപക-അനധ്യാപക നിയമനം, പരീക്ഷ, മൂല്യനിർണയം തുടങ്ങി സർട്ടിഫിക്കറ്റ് നല്കൽ വരെ ഉന്നത വിദ്യാഭ്യാസത്തിന്റെ സമസ്ത മേഖലകളിലും ഈ സ്ഥാപനങ്ങൾക്ക് സ്വതന്ത്രാധികാരം ലഭിക്കും.ഓട്ടോണമസ് കോളജുകൾക്ക് യൂണിവേഴ്സിറ്റി സിലബസിൽനിന്ന് 20 ശതമാനം വരെ വ്യതിചലനത്തിനേ സ്വാതന്ത്ര്യമുള്ളൂ. മൂല്യനിർണയത്തിലും സർവകലാശാലാ മാർഗ നിർദേശങ്ങൾ പാലിക്കണം. അധ്യാപക-അനധ്യാപക നിയമനങ്ങളിലും യൂണിവേഴ്സിറ്റി അംഗീകാരം വേണം. എന്നാൽ സ്വകാര്യ സർവകലാശാലകളാകുന്നതോടെ ഈ നിയന്ത്രണങ്ങളിൽ നിന്നെല്ലാം മുക്തമാകും. സർക്കാർ നിയന്ത്രിത സർവകലാശാലകളെപ്പോലെ, മറ്റു കോളജുകളെ അഫിലിയേറ്റ് ചെയ്യാനുള്ള അധികാരം പ്രൈവറ്റ് യൂണിവേഴ്സിറ്റികൾക്കുണ്ടാകില്ല.1955ൽ ആരംഭിച്ച രാജഗിരി കോളജ് ഓഫ് സോഷ്യൽ സയൻസസ് രാജ്യത്തെ 28-ാം സ്ഥാനത്തുള്ള കോളജാണ്. 1949ൽ ആരംഭിച്ച മാർ ഇവാനിയോസ് രാജ്യത്ത് 44-ാം സ്ഥാനത്തും.സ്വകാര്യ സർവകലാശാലകൾക്കായി സംസ്ഥാനത്തെ മറ്റു സ്ഥാപനങ്ങളും അപേക്ഷിച്ചിരുന്നെങ്കിലും മാർ ഇവാനിയോസിനും രാജഗിരിക്കും മാത്രമേ യുജിസി നിർദേശിക്കുന്ന യോഗ്യതകളുള്ളൂ എന്നാണ് ഉന്നത വിദ്യാഭ്യാസ വകുപ്പ് രൂപീകരിച്ചിരിക്കുന്ന കമ്മിറ്റി കണ്ടെത്തിയത്.നിലവിൽ അമൃത വിശ്വ വിദ്യാപീഠം (കോയമ്പത്തൂർ), ജെയിൻ യൂണിവേഴ്സിറ്റി (ബെംഗളൂരു), ക്രൈസ്റ്റ് യൂണിവേഴ്സിറ്റി (ബെംഗളൂരു) എന്നീ സ്വകാര്യ സർവകലാശാലകൾക്ക് സംസ്ഥാനത്തു കാമ്പസുകളുണ്ട്.



BUSINESS NEWS




# സ്കൈബാഗ് ലിമിറ്റഡ് എഡിഷൻ ഫിഫ ലഗേജ് കളക്ഷൻ ബ്രാൻഡ് അംബാസഡറായി കാർത്തിക് ആര്യൻ

ട്രാവൽ ഗിയർ വിഭാഗത്തിലെ ഏറ്റവും വലിയ ബ്രാൻഡായ സ്കൈബാഗ്, ഫിഫ ലൈസൻസുള്ള ഇന്ത്യയുടെ ആദ്യത്തെ ഔദ്യോഗിക ലഗേജ് ശ്രേണി പുറത്തിറക്കി. ഇതോടൊപ്പം ഫുട്ബോൾ ആരാധകരെ അവരുടെ ഗെയിമിനോടുള്ള ഇഷ്ടത്തെ കൂടുതൽ അഭിമാനിക്കാൻ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, സ്കൈബാഗ്സ് തങ്ങളുടെ ബ്രാൻഡ് അംബാസഡറായി ബോളിവുഡ് സൂപ്പർസ്റ്റാറും സ്റ്റൈൽ ഐക്കണുമായ കാർത്തിക് ആര്യനെ അവതരിപ്പിച്ചു.ഇന്ത്യയിൽ ഫുടബോളിന്റെ വർദ്ധിച്ചു വരുന്ന ജനപ്രീതിയും കൂടാതെ ഫിഫാ ലോകകപ്പിന്റെ വരവും പ്രയോജനപ്പെടുത്തി, സ്കൈബാഗിന്റെ ബെസ്പോക്ക് ഫിഫ ലൈസൻസുള്ള ശ്രേണിയിൽ സീസണിലെ മികച്ച യാത്രാ ആക്സസറികളായി മൂന്ന് വ്യത്യസ്തമായ ഡിസൈനുകൾ അവതരിപ്പിച്ചിരിക്കുന്നു. ഈ എക്സ്ക്ലൂസീവ് ഫിഫ ശേഖരം ഫിഫ വേൾഡ് കപ്പ് ഖത്തർ മെറ്റാലിക് പ്ലേറ്റ് ലോഗോയോടെയാണ് അവതരിപ്പിച്ചിരിക്കുന്നത്. ആദ്യത്തെ ഡിസൈൻ, 'ഗെയിം ഓൺ' ഫുട്ബോൾ രാജ്യം ബ്രസീലിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടതാണ്; മറ്റ് 2 ഡിസൈനുകളായ 'ഗോൾ', 'ട്രെബിൾ' എന്നിവ ലോകകപ്പ് സീസണിന്റെ ആവേശത്തെ പ്രതിനിധാനം ചെയ്യുന്നു.ജെൻ ഇസഡ് യാത്രക്കാരുടെ വ്യക്തിത്വത്തിനും ശൈലിക്കുമുള്ള അഭിലാഷങ്ങൾ കണക്കിലെടുത്ത്, ഫിഫ ലൈസൻസുള്ള ബാഗുകളുടെ വർണ്ണാഭമായ ഡിസൈനുകൾക്കൊപ്പം കാർത്തിക് ആര്യന്റെ മികച്ച പ്രകടനമാണ് കാമ്പെയ്ൻ അവതരിപ്പിക്കുന്നത്.ലെറ്റ്സ് ഗെറ്റ് ലൗഡ് എന്ന കാമ്പെയ്ൻ ഇന്നത്തെ യുവാക്കളുടെ ആവേശവും സ്റ്റൈലും ഉൾക്കൊള്ളുന്നു. കാർത്തിക് ആര്യൻ യുവാക്കളോട് 'ഏലേ ഘീൗറ' ആഹ്വാനം ചെയ്യുന്നതോടെ, ഈ കാമ്പെയ്ൻ അവരുടെ വ്യക്തിഗത ശൈലിയിലൂടെ തങ്ങളുടെ വ്യക്തിത്വം പ്രദർശിപ്പിക്കാൻ ആഗ്രഹിക്കുന്ന യുവയാത്രക്കാരുടെയും ഫുട്ബോൾ ആരാധകരുടെയും ഇടയിലേക്ക് ഇറങ്ങിച്ചെല്ലുന്നു.'ലെറ്റ്സ് ഗെറ്റ് ലൗഡ്' കാമ്പെയ്നിന്റെ ഉദ്ഘാടന വേളയിൽ, വിഐപി ഇൻഡസ്ട്രീസ് ലിമിറ്റഡ് മാർക്കറ്റിംഗ് വൈസ് പ്രസിഡന്റ് പ്രഫുൽ ഗുപ്ത പറഞ്ഞു, 'മൂവ് ഇൻ സ്റ്റൈൽ' എന്ന ഞങ്ങളുടെ ടാഗ് ലൈനിൽ ഊന്നിക്കൊണ്ട് ഫിഫയുടെ ലൈസൻസുള്ള ആദ്യത്തെ ശ്രേണി അവതരിപ്പിക്കുന്നതിൽ ഞങ്ങൾ സന്തുഷ്ടരാണ്. കാർത്തിക് ആര്യനും 'ലെറ്റ്സ് ഗെറ്റ് ലൗഡ്' കാമ്പെയ്നുമൊപ്പം ഫിഫയുടെ ലൈസൻസുള്ള ആദ്യത്തെ ശ്രേണി രാജ്യത്ത് അവതരിപ്പിക്കുന്നതിൽ ഞങ്ങൾ അതീവ സന്തുഷ്ടരാണ്. ഫിഫ ലഗേജ് ശേഖവും 'ലെറ്റ്സ് ഗെറ്റ് ലൗഡ്' പ്രചാരണവും വരാനിരിക്കുന്ന ഫുട്ബോൾ സീസണിന്റെ ആവേശത്തെയും ആരവത്തെയും സൂചിപ്പിക്കുന്നു. ട്രാവൽ അക്സസറികൾ വഴി തങ്ങളുടെ തനതായ സ്റ്റൈൽ എപ്പോഴും പ്രദർശിപ്പിക്കാറുള്ള മില്ലേനിയൽ & ഏലിദ മായി ഈ കാമ്പയിനിലൂടെ കൂടുതൽ ബന്ധം പുലർത്താൻ ഞങ്ങൾ ലക്ഷ്യമിടുന്നു. എപ്പോഴും സവിശേഷവും ആവേശകരവുമായ എന്തെങ്കിലും കണ്ടെത്താൻ ആഗ്രഹിക്കുന്ന ഫുട്ബോൾ ആരാധകരിലേക്ക് എത്താൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. ഈ കാമ്പെയിനിലൂടെ, ഈ സെഗ് മെന്റിന്റെ ആവശ്യതകൾ കൃത്യമായി നിറവേറ്റാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്.

# അജൂണി ബയോടെക് ലിമിറ്റഡ് 29.01 കോടി രൂപയുടെ ഓഹരി വിൽപ്പന ആരംഭിച്ചു

അജൂണി ബയോടെക് ലിമിറ്റഡ് അനിമൽ ഹെൽത്ത് കെയർ സൊല്യൂഷനുകളിലെയും അനിമൽ ഫീഡ് സപ്ലിമെന്റുകളിലെയും മുൻനിര കമ്പനികളിലൊന്നായ അതിന്റെ 29.01 കോടി രൂപയുടെ അവകാശ ഇഷ്യൂ 2022 ഡിസംബർ 7-ന് ആരംഭിച്ചു ഇഷ്യു ഡിസംബർ 15-ന് അവസാനിക്കും. കമ്പനിയുടെ വിപുലീകരണ പദ്ധതികൾ, പൊതു കോർപ്പറേറ്റ് ആവശ്യങ്ങൾക്കും വേണ്ടിയുള്ള പ്രവർത്തന മൂലധന ആവശ്യകതകൾ. 29.01 കോടി. നിർദിഷ്ട ഇഷ്യൂവിനുള്ള അവകാശാവകാശ അനുപാതം 29:30 ആയി നിശ്ചയിച്ചിരിക്കുന്നു. റൈറ്റ് ഇഷ്യൂ ഒരു ഷെയറിന് 6 രൂപ നിരക്കിൽ ഡിസംബർ 6-ന് അവസാനിക്കുന്ന ഓഹരി വിലയിൽ നിന്ന് 30 ശതമാനം കിഴിവ് കമ്പനി വാഗ്ദാനം ചെയ്യുന്നു.






# സാനിട്ടേഷനിലും, ശുചിത്വത്തിനും ശുചീകരണത്തിനും ഊന്നൽ നൽകി ഹാർപിക് മിഷൻ സ്വച്ഛത ഔർ പാനി പ്രചാരണം

**കൊച്ചി:** ഹാർപ്പിക് അതിന്റെ ഫ്ലാഗ്ഷിപ്പ് സംരംഭമായ 'മിഷൻ സ്വച്ഛത ഔർ പാനി'ക്ക് കീഴിൽ, എല്ലാവർക്കും സുരക്ഷിതമായ ടോയ്ലറ്റുകൾ എന്ന പ്രതിബദ്ധതയും, വൃത്തിയും ശുചിത്വവുമുള്ള ടോയ്ലറ്റുകളിലേക്ക് മാറേണ്ടതിന്റെ ആവശ്യകതയും എടുത്തുകാട്ടുന്ന ലോക ടോയ്ലറ്റ് ദിനത്തിൽ 8 മണിക്കൂർ ദൈർഘ്യമുള്ള ടെലിത്തോണോടെയാണ് ആഴ്ചക്ക് തുടക്കം കുറിച്ചത്. ഹാർപ്പിക്കിന്റെ ഏറ്റവും വലിയ ദീർഘകാല കാമ്പെയ്നിന്റെ മൂന്ന് വർഷത്തെ വിജയത്തിന് ശേഷം, ഹാർപ്പിക് മിഷൻ സ്വച്ഛത ഔർ പാനി - 'ഒരിമിച്ച് ഏറ്റെടുക്കാം ഈ ഉത്തരവാദിത്തം' എന്നതിലൂടെ ആരോഗ്യം, ശുചിത്വം, ശുചിത്വം എന്നീ മേഖലകളിലെ മുന്നേറ്റം കൂടുതൽ ശക്തവും ഉൾക്കൊള്ളുന്നതുമാക്കി ഈ സംരംഭം.''തുടക്കം മുതൽ, ഹാർപ്പിക്കിന്റെ സ്വച്ഛത ഔർ പാനി എന്ന സംരംഭം ഇന്ത്യയിൽ എല്ലാവരെയും ഉൾക്കൊള്ളിക്കുന്ന സാനിട്ടേഷനിലും, ശുചിത്വത്തിനും ശുചീകരണത്തിനും വെള്ളത്തിന്റെ പ്രാധാന്യത്തിലും ഊന്നിയാണ് പ്രവർത്തിക്കുന്നത്. അടിത്തട്ടിൽ മാറ്റം കൊണ്ടുവരാൻ ഞങ്ങളുടെ പങ്കാളികളിൽ നിന്ന് ഞങ്ങൾക്ക് വളരെയധികം ശക്തി ലഭിക്കും. ഞങ്ങളുടെ വിവിധ ഇടപെടലുകളിലൂടെ, 20 ദശലക്ഷത്തിലധികം ഇന്ത്യക്കാരുടെ ശീലങ്ങൾ മാറ്റാൻ സഹായിക്കുന്ന വിവരങ്ങളും ഉപകരണങ്ങളുമായി എത്തിച്ചേരാനും ആരോഗ്യകരമായ ഇന്ത്യയ്ക്കായി മൊത്തത്തിലുള്ള ആരോഗ്യത്തിൽ ശരിയായ ശുചിത്വത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കാനും ഞങ്ങൾ ലക്ഷ്യമിടുന്നുവെന്ന് റെക്കിറ്റ് സൗത്ത് ഏഷ്യ, എക്സ്റ്റേണൽ അഫയേഴ്സ് ആൻഡ് പാർട്ണർഷിപ്പ്സ്, ഡയറക്ടർ രവി ഭട്നാഗർ പറഞ്ഞു.ജലസംരക്ഷണത്തിനായുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആഹ്വാനത്തിന് മറുപടിയായി, ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും പരിരക്ഷിക്കുന്നതിനുമായി കൂട്ടായ നിശ്ചയദാർഢ്യവും പ്രവർത്തനവും പെരുമാറ്റ മാറ്റവും സൃഷ്ടിക്കുന്നതിനുള്ള പ്രതിജ്ഞാബദ്ധതയോടെ 2019 ഓഗസ്റ്റിൽ ആണ് ദേശീയതലത്തിൽ ഹാർപ്പിക് മിഷൻ പാനി ആരംഭിച്ചത്. അതിനുശേഷം, മിഷൻ പാനി ജലസംരക്ഷണത്തെ ചുറ്റിപ്പറ്റി മാത്രമല്ല, കാമ്പെയ്നിന്റെ അവിഭാജ്യ ഘടകമായ സാനിട്ടേഷൻ, ശുചിത്വം എന്നിവയിലും പതിവ് മാറ്റങ്ങളെക്കുറിച്ചുള്ള ആശയവിനിമയം സാധ്യമാക്കി. ഹാർപ്പിക് മിഷൻ സ്വച്ഛത ഔർ പാനി കാമ്പെയ്നിന്റെ ഭാഗമായി സീസെം വർക്ക്ഷോപ്പ് ഇന്ത്യയുമായുള്ള പങ്കാളിത്തം പ്രഖ്യാപിച്ചു, ഇത് സാനിട്ടേഷന്റെയും ശുചിത്വത്തിന്റെയും പ്രാധാന്യത്തെക്കുറിച്ച് കുട്ടികളെ ബോധവൽക്കരിക്കുകയും അത് പരിശീലിക്കാൻ അവരെ പ്രോത്സാഹിപ്പിക്കുകയും ചുറ്റുമുള്ള എല്ലാവരിലേക്കും പ്രചരിപ്പിക്കുകയും ചെയ്യും.









# സുരാജ് വെഞ്ഞാറമൂടിന്റെ 'റോയ്' ഒടിടി റിലീസിനൊരുങ്ങുന്നു

സുരാജ് വെഞ്ഞാറമൂട് നായകനാവുന്ന 'റോയ്' ഒടിടിയിലൂടെ പ്രേക്ഷകരുടെ മുന്നിലെത്തുന്നു. ചിത്രം ഡിസംബർ ഒൻപതിന് സോണി ലിവിലൂടെ പ്രദർശനത്തിനെത്തും.ചിത്രീകരണം പൂർത്തിയായി ഏകദേശം രണ്ട് വർഷങ്ങൾക്ക് ശേഷമാണ് റോയ് റിലീസിനെത്തുന്നത്.സുനിൽ ഇബ്രാഹിം സംവിധാനം ചെയ്യുന്ന ചിത്രം സജീഷ് മഞ്ചേരിയും സനൂബ് കെ യൂസഫുമാണ് നിർമ്മിക്കുന്നത്. ചിത്രത്തിന്റെ തിരക്കഥയും സുനിൽ തന്നെയാണ് നിർവ്വഹിച്ചിരിക്കുന്നത്. ചിത്രത്തിൽ സുരാജിനൊപ്പം ഷൈൻ ടോം ചാക്കോയും കേന്ദ്ര കഥാപാത്രത്തെ അവതരിപ്പിക്കുന്നു.നെട്ടൂരാൻ ഫിലിംസ്, വിശ്വദീപ്തി ഫിലിംസ് എന്നിവയുടെ ബാനറിൽ സജീഷ് മഞ്ചേരി, സനൂബ് കെ. യൂസഫ് എന്നിവർ ചേർന്നു നിർമിക്കുന്ന ചിത്രത്തിൽ റോണി ഡേവിഡ്, ജിൻസ് ഭാസ്ക്കർ, വി.കെ. ശ്രീരാമൻ, വിജീഷ് വിജയൻ, റിയ സൈറ, ഗ്രേസി ജോൺ, ബോബൻ സാമുവൽ, അഞ്ജു ജോസഫ്, ആനന്ദ് മന്മഥൻ, ജെനി പള്ളത്ത്, രാജഗോപാലൻ, യാഹിയ ഖാദർ, ദിൽജിത്ത്, അനൂപ് കുമാർ, അനുപ്രഭ, രേഷ്മ ഷേണായി തുടങ്ങിയവരും അഭിനയിക്കുന്നു.ജയേഷ് മോഹൻ ഛായാഗ്രഹണം. വിനായക് ശശികുമാറിന്റെ വരികൾക്ക് മുന്ന പി. എം. സംഗീതം പകരുന്നു. പശ്ചാത്തല സംഗീതം ഗോപി സുന്ദർ, ഗായകർ സിത്താര കൃഷ്ണകുമാർ, സൂരജ് സന്തോഷ്, നേഹ നായർ, റാഖിൽ ഷൗക്കത്ത് അലി, രാജേഷ്.




# 'വാമനൻ' ഡിസംബർ 16ന്


ഇന്ദ്രൻസിന്റെ അടുത്ത റിലീസ് ചിത്രമാണ് വാമനൻ. ത്രില്ലർ മൂഡിൽ ചിത്രീകരിച്ച സിനിമയുടെ ട്രെയിലർ വലിയ ശ്രദ്ധ നേടിയിരുന്നു.ഡിസംബർ 16ന് ചിത്രം റിലീസ് ചെയ്യും. പുതിയ പോസ്റ്റർ പുറത്തിറങ്ങി. നവാഗതനായ എ.ബി ബിനിൽ കഥയും തിരക്കഥയും സംഭാഷണവും സംവിധാനവും നിർവഹിക്കുന്നു. ഒരു മലയോര ഗ്രാമത്തിലെ ഹോം സ്റ്റേ മാനേജരായി ജോലിനോക്കുന്ന കുടുംബത്തിന്റെ അതിജീവനത്തിന്റെ കഥയാണ് സിനിമ പറയുന്നത്.മൂവി ഗ്യാങ് പ്രൊഡക്ഷൻസ് ചിത്രം നിർമ്മിക്കുന്നു.ബൈജു, അരുൺ, നിർമ്മൽ പാലാഴി, സെബാസ്റ്റ്യൻ, ബിനോജ്, ജെറി ,മനു ഭാഗവത്, ആദിത്യ സോണി, സീമ ജി നായർ, ദിൽസ തുടങ്ങിയ താരനിര ചിത്രത്തിലുണ്ട്.

# അറിയിപ്പ് ഒടിടി റിലീസിന് ഒരുങ്ങുന്നു

ലോകാർണോ, ലണ്ടൻ (ബിഎഫ്ഐ) ഫിലിം ഫെസ്റ്റിവലുകളിൽ തിരഞ്ഞെടുത്തതിന് ശേഷം, എഴുത്തുകാരനും സംവിധായകനുമായ മഹേഷ് നാരായണന്റെ അറിയിപ്പ് ഈ വർഷം ഒക്ടോബർ 5 മുതൽ 14 വരെ നടക്കുന്ന 27-ാമത് ബുസാൻ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ പ്രദർശിപ്പിച്ചു.മികച്ച പ്രതികരണം നേടിയ ചിത്രം ഇപ്പോൾ തീയറ്റർ റിലീസ് ഒഴിവാക്കി നേരിട്ട് ഒടിടി റിലീസിന് ഒരുങ്ങുകയാണ്. ചിത്രം ഈ മാസം 16ന് നെറ്റ്ഫ്ലിക്സിൽ റിലീസ് ചെയ്യും.27-ാമത് അന്താരാഷ്ട്ര ചലച്ചിത്രമേളയിലും ചിത്രം പ്രദർശിപ്പിക്കും.ചിത്രത്തിൻറെ ഡയറക്റ്റ് ഒടിടി റിലീസ് ഫെസ്റ്റിവൽ പ്രദർശനങ്ങൾക്കു ശേഷമാണ് . കുഞ്ചാക്കോ ബോബനും ദിവ്യപ്രഭയും പ്രധാന വേഷങ്ങളിൽ അഭിനയിച്ച അറിയിപ്പ് ഈ വർഷം ആദ്യം നടന്ന 75-ാമത് ലൊകാർണോ ഫിലിം ഫെസ്റ്റിവലിന്റെ അന്താരാഷ്ട്ര മത്സര വിഭാഗത്തിലാണ് ആദ്യമായി പ്രദർശിപ്പിച്ചത്.ലവ്ലീൻ മിശ്ര, കണ്ണൻ അരുണാചലം, ഡാനിഷ് ഹുസൈൻ, ഫൈസൽ മാലിക് എന്നിവരും അഭിനയിക്കുന്ന അറിയിപ്പ് , കുഞ്ചാക്കോ ബോബൻ, ഷെബിൻ ബക്കർ എന്നിവർ ചേർന്നാണ് നിർമിച്ചിരിക്കുന്നത്. ടേക്ക് ഓഫും മാലിക്കും ലെൻസ് ചെയ്ത ഛായാഗ്രാഹകൻ സാനു ജോൺ വർഗീസുമായി മഹേഷ് വീണ്ടും ഒന്നിക്കുന്നതും അറിയിപ്പിലൂടെയാണ്. മഹേഷും രാഹുൽ രാധാകൃഷ്ണനും എഡിറ്റ് ചെയ്ത ചിത്രത്തിന്റെ ഒറിജിനൽ സ്കോർ സുഷിൻ ശ്യാം നൽകി.

# ഫ്യൂച്ചർ ഓഫ് യംഗ് ഇന്ത്യ അവാർഡ് നടൻ രാം ചരണിന്

ഈ വർഷത്തെ ട്രൂ ലെജൻഡ് - ഫ്യൂച്ചർ ഓഫ് യംഗ് ഇന്ത്യ അവാർഡ് മെഗാ പവർ സ്റ്റാർ രാം ചരണിന്. സിനിമയ്ക്കും സമൂഹത്തിനും നൽകിയ സംഭാവനകൾക്കാണ് താരത്തിന് ട്രൂ ലെജൻഡ്-ഫ്യൂച്ചർ ഓഫ് യംഗ് ഇന്ത്യ അവാർഡ് ലഭിച്ചത്.കഴിഞ്ഞ കുറെ കാലമായി ബ്ലഡ് ബാങ്ക് പ്രവർത്തനങ്ങളുടെ ഭാഗമായി താരം പ്രവർത്തിക്കുന്നുണ്ട്. ചിരഞ്ജീവി ബ്ലഡ് ബാങ്കിന്റെ ബോർഡിലായിരിക്കുമ്ബോഴും അതിന്റെ നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുക്കുമ്ബോഴും അത് തന്റെ പിതാവ് ചിരഞ്ജീവിയുടെ ആശയമായിരുന്നുവെന്ന് രാം ചരൺ അവാർഡ് സ്വീകരിച്ച് കൊണ്ട് പറഞ്ഞു.2007ൽ തന്റെ ആദ്യ സിനിമ നിർമ്മിക്കാൻ പോകുമ്ബോൾ തന്റെ നിർമ്മാതാക്കളെയും സംവിധായകരെയും അപേക്ഷിച്ച് തന്റെ സപ്പോർട്ട് സ്റ്റാഫിനെ പരിപാലിക്കാൻ പിതാവ് ഉപദേശിച്ചിരുന്നെന്നും എല്ലായ്പ്പോഴും മാനുഷിക മൂല്യങ്ങൾ ഊന്നിപ്പറയുകയും ആ ഗുണങ്ങൾ തന്നിൽ വളർത്തുകയും ചെയ്തെന്നും രാം ചരൺ പറഞ്ഞു. 1999-ൽ വൈദ്യശാസ്ത്രത്തിലും സാങ്കേതിക വിദ്യയിലും പുരോഗതിയുണ്ടായിട്ടും, കൃത്യസമയത്ത് രക്തം ലഭിക്കാതെ തന്റെ വളരെ അടുത്ത ബന്ധുവിന് ശസ്ത്രക്രിയയ്ക്കിടെ ജീവൻ നഷ്ടപ്പെട്ടുവെന്നും തുടർന്നാണ് പിതാവ് ഈ സംരംഭം ആരംഭിക്കാൻ കാരണമായതെന്നും അദ്ദേഹം പറഞ്ഞു.ചിരഞ്ജീവി ബ്ലഡ് ബാങ്ക് ആരംഭിക്കുകയും തന്റെ ആരാധകരോട് രക്തം ദാനം ചെയ്യാൻ അഭ്യർത്ഥിക്കുകയും ചെയ്തു. ദാനം ചെയ്യുന്ന ഓരോ യൂണിറ്റ് രക്തത്തിനും തന്നോടൊപ്പം ഒരു സൗജന്യ ഫോട്ടോ ലഭിക്കുമെന്ന് ആരാധകരോട് പ്രഖ്യാപിച്ചുകൊണ്ടാണ് ചിരഞ്ജീവി അതിനെ കൂടുതൽ പ്രോത്സാഹിപ്പിച്ചത്. കൊവിഡ് ലോക്ക്ഡൗൺ സമയത്ത് 75,000-ത്തിലധികം സിനിമാ പ്രവർത്തകർക്ക് ചിരഞ്ജീവിയും രാം ചരണും സഹായം നൽകിയിരുന്നു.ഉപ്പേനയുടെ സംവിധായകൻ ബുച്ചി ബാബു സനയ്ക്കൊപ്പമുള്ള ചിത്രത്തിലാണ് രാം ചരൺ ഇപ്പോൾ അഭിനയിക്കുന്നത്. ബുച്ചി ബാബു സന സംവിധാനം ചെയ്യുന്ന ചിത്രം വൃദ്ധി സിനിമാസ്, മൈത്രി മൂവി മേക്കേഴ്സ്, സുകുമാർ റൈറ്റിംഗ്സ് എന്നിവയുടെ ബാനറിൽ വെങ്കട സതീഷ് കിലാരു ആണ് നിർമ്മിക്കുന്നത്. ഞഞ്ഞ എന്ന വമ്ബൻ വിജയത്തിലൂടെ ബ്ലോക്ക്ബസ്റ്റർ നേടിയ രാം ചരൺ നിലവിൽ ശങ്കർ ഒരുക്കുന്ന പുതിയ ബിഗ് ബഡ്ജറ്റ് ചിത്രത്തിലും അഭിനയിക്കുന്നു. പാൻ ഇന്ത്യൻ ചിത്രമായി ഒരുങ്ങുന്ന ഈ ചിത്രത്തിന്റെ പേര് അണിയറ പ്രവർത്തകർ പുറത്തുവിട്ടിട്ടില്ല.പ്രമുഖ പ്രൊഡക്ഷൻ ഹൗസായ മൈത്രി മൂവി മേക്കേഴ്സ് അവതരിപ്പിക്കുന്ന ചിത്രത്തിലെ മറ്റ് അണിയറ പ്രവർത്തകരെ വരും ദിവസങ്ങളിൽ പ്രഖ്യാപിക്കും. ഒരു സ്പോർട്സ് ഡ്രാമയായിട്ടാണ് ചിത്രം ഒരുങ്ങുന്നതെന്നാണ് സൂചന. 'ബുച്ചി ബാബുവിനും മുഴുവൻ ടീമിനുമൊപ്പം പ്രവർത്തിക്കാൻ കാത്തിരിക്കുന്നു.' എന്നാണ് ചിത്രം പ്രഖ്യാപിച്ച് കൊണ്ട് രാം ചരൺ ടീറ്റ് ചെയ്തത്.




# ആദ്യ ചിത്രം സംവിധാനം ചെയ്യാനൊരുങ്ങി ആര്യൻ ഖാൻ

സംവിധാന രംഗത്ത് അരങ്ങേറ്റം കുറിക്കാനൊരുങ്ങി ഷാരൂഖ് ഖാന്റെ മകൻ ആര്യൻ ഖാൻ. ഇൻസ്റ്റഗ്രാമിലൂടെയാണ് ആര്യൻ തന്റെ ആദ്യ ചിത്രത്തെ കുറിച്ച് ആരാധകരുമായി പങ്കുവെച്ചത്.നെറ്റ്ഫ്ലിക്സിനായി ഒരുങ്ങുന്ന വെബ് സീരീസിന്റെ തിരക്കഥ പൂർത്തിയായതായും ആര്യൻ അറിയിച്ചു.'എഴുത്ത് കഴിഞ്ഞു. ആക്ഷൻ പറയാൻ കൊതിയാകുന്നു', എന്നാണ് ആര്യൻ ഇൻസ്റ്റഗ്രാമിൽ കുറിച്ചത്. ആര്യന്റെ ഇൻസ്റ്റഗ്രാം പോസ്റ്റ് ഇതിനകം വൈറലായി കഴിഞ്ഞു. 'കാണാൻ കാത്തിരിക്കുന്നു', എന്നാണ് ഗൗരി ഖാൻ കുറിച്ചത്. ഷാരൂഖും മകന് ആശംസകൾ നേർന്നിട്ടുണ്ട്. റെഡ് ചില്ലിസ് എന്റർടെയ്ൻമെന്റിന്റെ ബാനറിൽ ഷാരൂഖ് ഖാനാണ് സീരീസ് നിർമ്മിക്കുന്നത്. സീരീസിന്റെ ചിത്രീകരണം അടുത്ത വർഷം ആരംഭിക്കും. അമേരിക്കയിലെ സതേൺ കാലിഫോർണിയ സർവകലാശാലയിൽ നിന്നും ഫിലിം മേക്കിങ്ങിൽ പഠനം പൂർത്തിയാക്കിയ ആര്യൻ, കരൺ ജോഹറിന്റെ 'തഖ്തി'നായി പ്രവർത്തിക്കുന്നു എന്ന് റിപ്പോർട്ടുകൾ ഉണ്ടായിരുന്നു.ഷാരുഖ് ഖാന്റെ വരാനിരിക്കുന്ന ചിത്രം 'പത്താന്റെ' സെറ്റിലും ആര്യനെ കണ്ടിരുന്നു. ചിത്രത്തിന്റെ ആക്ഷൻ കൊറിയോഗ്രഫിയിൽ ആര്യൻ സഹായിക്കുന്നതായും റിപ്പോർട്ടുകളുണ്ടായിരുന്നു.




# ചന്ദ്രമുഖി 2ന്റെ ചിത്രീകരണം ആരംഭിച്ചു

സൂപ്പർസ്റ്റാർ രജനികാന്തിന്റെ 2005ലെ തമിഴ് സിനിമയുടെ തുടർച്ചയായ ചന്ദ്രമുഖി 2ന്റെ ചിത്രീകരണം കങ്കണ റണാവത്ത് ആരംഭിച്ചു.ചൊവ്വാഴ്ച വൈകുന്നേരം താരം തന്റെ ഇൻസ്റ്റാഗ്രാം സ്റ്റോറി എടുക്കുകയും സിനിമയുടെ സെറ്റിൽ നിന്ന് ഒരു ക്ലാപ്പ്ബോർഡിന്റെ ചിത്രം പോസ്റ്റ് ചെയ്യുകയും ചെയ്തു.ചന്ദ്രമുഖി 2 വിന്റെ ചിത്രീകരണം ഇന്ന് ആരംഭിച്ചു,' റണാവത്ത് പോസ്റ്റിൽ പറഞ്ഞു. പി വാസു സംവിധാനം ചെയ്ത രജനികാന്തിന്റെയും ജ്യോതികയുടെയും തകർപ്പൻ ഹൊറർ കോമഡി ചിത്രമായ ചന്ദ്രമുഖിയുടെ തുടർച്ചയാണ് വരാനിരിക്കുന്ന ചിത്രം. സംവിധായകൻ തന്നെയാണ് തുടർഭാഗവും സംവിധാനം ചെയ്യുന്നത്. രണ്ടാം ഭാഗത്തിൽ, സൗന്ദര്യത്തിനും നൃത്ത വൈദഗ്ധ്യത്തിനും പേരുകേട്ട രാജാവിന്റെ കൊട്ടാരത്തിലെ നർത്തകിയുടെ വേഷമാണ് കങ്കണ അവതരിപ്പിക്കുന്നത്.തമിഴ് നടനും സംവിധായകനുമായ രാഘവ ലോറൻസാണ് കങ്കണയുടെ നായകനായി എത്തുന്നത്. മറ്റ് പ്രോജക്ടുകളെ സംബന്ധിച്ചിടത്തോളം, താരം തേജസിൽ അടുത്തതായി കാണപ്പെടും, അതിൽ അവർ എയർഫോഴ്സ് പൈലറ്റിന്റെ വേഷം ചെയ്യുന്നു, ഒരു രാഷ്ട്രീയ നാടകമായ എമർജൻസി, ബംഗാളി നാടക ഇതിഹാസം ബിനോദിനി ദാസിയുടെ ബയോപിക് എന്നിവയും ഉണ്ട്.



# ഇന്ന് ബോധി ദിനം

ബുദ്ധമതത്തിന്റെ പ്രാധാന്യം ബുദ്ധ ചരിത്രത്തിൽ ഏറ്റവുമധികം ശ്രദ്ധേയമായ സംഭവങ്ങളിലൊന്നാണ്. ബുദ്ധമതക്കാരുടെ നിരവധി അനുസ്മരണങ്ങളടങ്ങിയ ഒരു സംഭവമാണിത്. ഇംഗ്ലീഷുകാർ പലപ്പോഴും ആചരണം ബധി ദിനം എന്ന് വിളിക്കുന്നു. സംസ്കൃതത്തിലും ബോളിയിലും ബോധി എന്ന പദത്തിന് 'ഉണർവ്വ്' എന്നർത്ഥം. എന്നാൽ ഇംഗ്ലീഷിലേക്ക് 'ജ്ഞാനം' എന്ന് പലപ്പോഴും വിവർത്തനം ചെയ്യാറുണ്ട്.ആദ്യ ബുദ്ധ ബുദ്ധമതഗ്രന്ഥമനുസരിച്ച്, ബുദ്ധൻ സിദ്ധാർത്ഥ ഗൌതമൻ എന്ന പേരിൽ ഒരു രാജകുമാരി ആയിരുന്നു. അസുഖം, വാർധക്യം, മരണം എന്നിവയെല്ലാം അയാൾ അസ്വസ്ഥരാക്കി.സമാധാനപൂർവമായി ആഗ്രഹിച്ചുകൊണ്ട്, ഒരു വീടില്ലാത്ത ഭിക്ഷക്കാരനായിത്തീരാനുള്ള തന്റെ ജീവിതത്തെ അദ്ദേഹം ഉപേക്ഷിച്ചു. ആറ് വർഷം നീണ്ടുനിന്ന അയാൾ ഒരു അത്തിമരത്തിൽ ('ബോധി വൃക്ഷം' എന്ന് അറിയപ്പെട്ടിരുന്ന വൈവിധ്യമാർന്ന അരികിൽ) ഇരുന്നു, അവൻ തൻറെ അന്വേഷണം പൂർത്തിയാകുന്നതുവരെ ധ്യാനത്തിൽ നിലകൊള്ളാൻ പ്രതിജ്ഞ ചെയ്തു. ഈ ധ്യാനത്തിനിടയിൽ, അവൻ ബോധോദയം മനസ്സിലാക്കി ബുദ്ധനെ, അല്ലെങ്കിൽ 'ഉണർന്നിരിക്കുന്ന ഒരാളായി' മാറി.മറ്റു പല ബുദ്ധക്ഷേത്രങ്ങളെയും പോലെ, ഈ ആചരണത്തിന് എന്തിനുവേണ്ടിയും അതിനെ നിരീക്ഷിക്കാൻ എന്തിനുമെന്നതിനെക്കുറിച്ചും അൽപവും കുറവുണ്ട്. തേരവാഡ ബുദ്ധന്മാർ ബുദ്ധന്റെ ജനനം, ജ്ഞാനോദയം, മരണം എന്നിവ ഒരു വിശുദ്ധ ദിനത്തിൽ വെച്ചാക്കിയിരുന്നു . ഇത് ഒരു ചാന്ദ്ര കലണ്ടർ അനുസരിച്ചുള്ള വെസക് എന്ന പേരിൽ അറിയപ്പെടുന്നു. അതുകൊണ്ട് വെസക്കിന്റെ കൃത്യമായ തീയതി വർഷാവർഷം മാറുന്നു, പക്ഷേ സാധാരണയായി മെയ്യിൽ അത് പതിക്കുന്നു.ടിബറ്റൻ ബുദ്ധമതം ബുദ്ധന്റെ ജനനം, മരണം, ജ്ഞാനോപദേശം എന്നിവയെല്ലാം ഒരേ സമയം വീക്ഷിക്കുന്നുണ്ട്, പക്ഷേ മറ്റൊരു ചാന്ദ്ര കലണ്ടർ പ്രകാരം.വെസക്, സാഗ ദാവാഡുക്കവലിനു തുല്യമായ ടിബറ്റൻ പുണ്യ ദിനം സാധാരണയായി വെസാക്കിനു ശേഷം ഒരുമാസത്തിനുശേഷം.കിഴക്കനേഷ്യയിലെ മഹായാന ബുദ്ധമതക്കാർ – പ്രാഥമികമായി ചൈന, ജപ്പാൻ, കൊറിയ, വിയറ്റ്നാം – മൂന്നു വലിയ സംഭവങ്ങളെ വെസെക് സ്മാരകത്തിൽ മൂന്നു വിശുദ്ധ വിശുദ്ധ ദിനങ്ങളായി ആഘോഷിച്ചു. ചൈനീസ് ചാന്ദ്ര കലണ്ടർ വഴി പോകുന്നത്, ബുദ്ധന്റെ ജന്മദിനം നാലാം ചാന്ദ്രമാസത്തിലെ എട്ടാം ദിവസത്തിൽ പതിക്കുന്നു, അത് സാധാരണയായി വെസാക്കിനു തുല്യമാണ്.അന്തിമ നിർവാണത്തിലെ അവസാനത്തെ രണ്ടാം ചാന്ദ്ര മാസത്തിന്റെ പതിനഞ്ചാം ദിവസം നീളുന്ന അദ്ദേഹത്തിന്റെ നിരീക്ഷണം, പന്ത്രണ്ടാം ചാന്ദ്ര മാസത്തിന്റെ എട്ടാം ദിവസം ആചരിക്കപ്പെടുന്നു. കൃത്യമായ തീയതികൾ വർഷംതോറും വ്യത്യാസപ്പെടുന്നു.എന്നിരുന്നാലും, 19-ാം നൂറ്റാണ്ടിൽ ജപ്പാനീസ് ഗ്രിഗോറിയൻ കലണ്ടർ സ്വീകരിച്ചപ്പോൾ, പല പരമ്പരാഗത ബുദ്ധ ദിനങ്ങളും നിശ്ചിത തിയതികളെ നിശ്ചയിച്ചിരുന്നു. ജപ്പാനിൽ ബുദ്ധന്റെ ജന്മദിനം ഏപ്രിൽ എട്ടാം തീയതി – നാലാം മാസത്തിലെ എട്ടാം ദിവസം. അതുപോലെ, ജപ്പാനിൽ ബിദി ദിനം എപ്പോഴും ഡിസംബർ എട്ടിന് – പന്ത്രണ്ടാം മാസത്തിലെ എട്ടാം ദിവസം. ചൈനീസ് ചാന്ദ്ര കലണ്ടർ അനുസരിച്ച്, പന്ത്രണ്ടാം മാസത്തിലെ എട്ടാം തീയതി പലപ്പോഴും ജനുവരിയിൽ കുറയുന്നു, അതിനാൽ ഡിസംബർ 8 തീയതി അത് വളരെ അടുത്തല്ല. കുറഞ്ഞത് അത് സ്ഥിരതയുള്ളതാണ്. ഏഷ്യയിലെ പല മഹായരായ ബുദ്ധമതക്കാരും, ചാന്ദ്ര കലണ്ടറുകളിൽ ആകൃഷ്ടരാവാത്തവരും, ഡിസംബർ 8 തീയതിയും സ്വീകരിക്കുന്നു.ബുദ്ധന്റെ തേടിച്ചെത്തിയ ആദ്വൈതത്തിന്റെ ഭീകരമായ സ്വഭാവം കാരണം, പൊദ്ദാ ദിനം സാധാരണയായി പരേഡുകളോ ആരാധകരോ ഇല്ലാതെ നിശബ്ദമായി കാണപ്പെടുന്നു. ധ്യാനം അല്ലെങ്കിൽ ചുംബന രീതികൾ വിപുലീകരിക്കാം. കൂടുതൽ അനൗപചാരിക അനുസ്മരണത്തിൽ ബോധി വൃക്ഷങ്ങൾ അല്ലെങ്കിൽ ലളിതമായ ചായയും കുക്കികളും ഉൾപ്പെട്ടേക്കാം.ജാപ്പനീസ് സെൻ ൽ, ബോധി ദിനം രോഹത്സു , അതായത് 'പന്ത്രണ്ടാം മാസത്തിന്റെ എട്ടാം ദിവസം' എന്നാണ്. ഒരാഴ്ച നീണ്ട സെഷനിൽ അവസാന ദിവസം അല്ലെങ്കിൽ തീവ്രമായ ധ്യാനം തിരിച്ചുപോകുന്നു.





# ഐ ലീഗ് ഫുടബ്ബോളിൽ ഗോകുലം കേരള എഫ്സിക്ക് മിന്നും ജയം

ഐ ലീഗ് ഫുട്ബോളിൽ ഗോകുലം കേരള എഫ്സിക്ക് മിന്നും ജയം. സുദേവാ ഡൽഹി എഫ്സിയെ എതിരില്ലാത്ത മൂന്നു ഗോളുകൾക്കാണ് ആതിഥേയർ പരാജയപ്പെടുത്തിയത്. ഇരട്ട ഗോൾ നേടിയ ടി ഷിജിന്റെ മികച്ച പ്രകടനമാണ് ഗോകുലത്തിന് ജയം അനായസമാക്കിയത്.ഡോഡി ആൽഫഡായിരുന്നു ഗോകുലത്തിനായി ഗോൾ നേടിയത്. തുടർന്ന് 62 -ാം മിനിറ്റിൽ ഗോകുലത്തിന്റെ രണ്ടാം ഗോൾ പിറന്നു. ടി.ഷിജിൻ നടത്തിയ മുന്നേറ്റം സുദേവാ ഡൽഹിയുടെ വലകുലുക്കുകയായിരുന്നു. സ്കോർ (20).



# ഏഡൻ ഹസാർഡ് രാജ്യാന്തര ഫുട്ബോളിൽ നിന്ന് ബൂട്ടഴിച്ചു

ബെൽജിയം ക്യാപ്റ്റൻ ഏഡൻ ഹസാർഡ് രാജ്യാന്തര മത്സരങ്ങളിൽ നിന്ന് വിരമിച്ചു. 31 വയസ് മാത്രം പ്രായമുള്ള താരം കഴിഞ്ഞ ഏതാനും വർഷങ്ങളിൽ പരുക്കും ഫോമില്ലായ്മയും കൊണ്ട് ബുദ്ധിമുട്ടിയിരുന്നു. ബെൽജിയത്തിന്റെ സുവർണ തലമുറയിൽ പെട്ട ഹസാർഡ് സമകാലിക ഫുട്ബോളിലെ ഏറ്റവും പ്രതിഭാധനരായ താരങ്ങളിൽ ഒരാളാണ്. ഖത്തർ ലോകകപ്പിന്റെ ഗ്രൂപ്പ് ഘട്ടത്തിൽ തന്നെ ബെൽജിയം പുറത്തായതിനു പിന്നാലെയാണ് ഹസാർഡിന്റെ വിരമിക്കൽ. നാലാം വയസിൽ നാട്ടിലെ റോയൽ സ്റ്റേഡ് ബ്രൈനേറായ് എന്ന അക്കാദമിയിലൂടെ കളി ആരംഭിച്ച ഹസാർഡ് 16ആം വയസിൽ ഫ്രഞ്ച് ക്ലബ് ലിലെയിലൂടെ പ്രൊഫഷണൽ കരിയർ ആരംഭിച്ചു. തൊട്ടടുത്ത വർഷം ബെൽജിയം ദേശീയ ടീമിലും ഹസാർഡ് ഇടം നേടി. 2007 മുതൽ 2012 വരെ ലിലെയിൽ തുടർന്ന ഹസാർഡ് 147 മത്സരങ്ങളിൽ കളത്തിലിറങ്ങി. 36 ഗോളുകളും നേടി. 2012ൽ ഇംഗ്ലീഷ് വമ്പന്മാരായ ചെൽസിയിലെത്തിയ ഹസാർഡ് 2019 വരെ ടീമിന്റെ സുപ്രധാന താരമായി തുടർന്നു. ഈ കാലയളവിലാണ് ഹസാർഡ് എന്ന ഫുട്ബോളർ തന്റെ പീക്കിലെത്തിയത്. 245 മത്സരങ്ങളിൽ നിന്ന് ഹസാർഡ് 85 ഗോളുകൾ നേടി. 2019ൽ സ്പാനിഷ് ക്ലബ് റയൽ മാഡ്രിഡിലെത്തിയതോടെ ഹസാർഡിന്റെ കരിയർ ഇടിയാൻ ആരംഭിച്ചു. പരുക്കുകൾ തുടരെ വേട്ടയാടിയപ്പോൾ ഹസാർഡ് പലപ്പോഴും ബെഞ്ചിലിരുന്നു. പരിശീലകൻ കാർലോ ആഞ്ചലോട്ടിയുമായുള്ള പ്രശ്നങ്ങളും ചില സർജറികളുമൊക്കെ ഹസാർഡിന്റെ പ്രകടനത്തെ ബാധിച്ചു. വല്ലപ്പോഴും മാത്രം കളത്തിലിറങ്ങിയ താരം ഇടയ്ക്ക് നിർണായകമായ ചില ഗോളുകൾ നേടിയിരുന്നു. ആകെ റയലിനായി 51 മത്സരങ്ങൾ കളിച്ച ഹസാർഡ് 4 ഗോളുകളാണ് നേടിയത്.




# ഏഴാം വിക്കറ്റിൽ റെക്കോർഡ് കൂട്ടുകെട്ട്; മെഹദി ഹസന് സെഞ്ചുറി

ഇന്ത്യക്കെതിരായ രണ്ടാം ഏകദിനത്തിൽ ബംഗ്ലാദേശിന് തകർപ്പൻ സ്കോർ. ആദ്യം ബാറ്റ് ചെയ്ത ബംഗ്ലാദേശ് നിശ്ചിത 50 ഓവറിൽ 7 വിക്കറ്റ് നഷ്ടപ്പെടുത്തി 271 റൺസ് നേടി. 6 വിക്കറ്റ് നഷ്ടത്തിൽ 69 റൺസ് എന്ന നിലയിൽ തകർന്ന ബംഗ്ലാദേശിനെ ഏഴാം വിക്കറ്റിൽ മഹ്മൂദുല്ലയും മെഹദി ഹസനും ചേർന്ന കൂട്ടുകെട്ടാണ് കരകയറ്റിയത്. 150 പോലും കടക്കില്ലെന്ന് കരുതിയ ടോട്ടൽ 271ൽ എത്തിക്കാനായത് ബംഗ്ലാദേശിന് വലിയ ആത്മവിശ്വാസം നൽകും. മെഹദി ഹസൻ (100 നോട്ടൗട്ട്) ബംഗ്ലാദേശ് ടോപ്പ് സ്കോറർ ആയപ്പോൾ മഹ്മൂദുല്ല 77 റൺസ് നേടി പുറത്തായി. മോശം തുടക്കമാണ് ബംഗ്ലാദേശിനു ലഭിച്ചത്. മുഹമ്മദ് സിറാജ്, ഉമ്രാൻ മാലിക്, വാഷിംഗ്ടൺ സുന്ദർ എന്നിവർ ചേർന്ന് ബംഗ്ലാ മുൻ നിരയെയും മധ്യനിരയെയും തകർത്തെറിഞ്ഞപ്പോൾ 19 ഓവറിൽ 6 വിക്കറ്റ് നഷ്ടത്തിൽ 69 റൺസെന്ന നിലയിലേക്ക് അവർ കൂപ്പുകുത്തി. എന്നാൽ കഴിഞ്ഞ മത്സരത്തിലെ മാച്ച് വിന്നർ മെഹദി ഹസൻ മുതിർന്ന താരം മഹ്മൂദുല്ലയ്ക്കൊപ്പം ഏഴാം വിക്കറ്റിൽ ഒത്തുചേർന്നതോടെ ബംഗ്ലാദേശ് കരകയറി. മഹ്മൂദുല്ല സാവധാനം തുടങ്ങിയെങ്കിൽ മെഹദി തുടക്കം മുതൽ ആക്രമിച്ചുകളിച്ചു. ഇരുവരും അനായാസം ഫിഫ്റ്റി കടന്നു. ബൗണ്ടറിയിലേക്ക് പറന്ന എഡ്ജുകളും ഫീൽഡറുടെ അടുത്തെത്താത്ത ഫാൾസ് ഷോട്ടുകളും ഇന്ത്യയുടെ നിർഭാഗ്യമായി. 148 റൺസ് നീണ്ട റെക്കോർഡ് കൂട്ടുകെട്ടിനൊടുവിലാണ് സഖ്യം വേർപിരിഞ്ഞത്. ഏകദിന ക്രിക്കറ്റിൽ ഇന്ത്യക്കെതിരെ ഒരു ടീം നേടുന്ന ഏറ്റവും ഉയർന്ന ഏഴാം വിക്കറ്റ് കൂട്ടുകെട്ടാണ് ഇത്. 47ആം ഓവറിൽ ഉമ്രാൻ മാലിക് മഹ്മൂദുല്ലയെ രാഹുലിന്റെ കൈകളിലെത്തിച്ചതോടെ ഈ കൂട്ടുകെട്ട് അവസാനിച്ചു. തുടർന്നെത്തിയ നസും അഹ്മദും ആക്രമണ മോഡിലായിരുന്നു. അവസാന ഓവറുകളിൽ നസുമും മെഹദിയും കടന്നാക്രമിച്ചതോടെ ബംഗ്ലാ സ്കോർ കുതിച്ചു. 83 പന്തുകളിൽ 8 ബൗണ്ടറിയും 4 സിക്സറും സഹിതം മെഹദി ഹസൻ കന്നി ഏകദിന സെഞ്ചുറി കുറിച്ചു. ഇന്നിംഗ്സിലെ അവസാന പന്തിൽ ശാർദുൽ താക്കൂറിനെതിരെ സിംഗിൾ നേടിയായിരുന്നു മെഹദിയുടെ സെഞ്ചുറി.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com